
# ശിവഗിരി



*With the best Compliments from:-*

# HOTEL MADRAS INTERNATIONAL

## 693. Mount Road, Madras-600006

Phone: 861811 [6Lines] Grams: Holinter

**Telex: 041-7373**

**For Traditional Hospitality and Modern Comforts**

## LOCATION

Right in the heart of the city on Mount Road surrounded by shopping centres, Airlines Offices, Banks, and Entertainment Complexes' 14 Kilometres from the Meenambakkam Airport and 4 K. M from Railway Station.

# ശിവഗിരി

മാസിക

ശ്രീനാരായണ ധർമ്മസംഘം ട്രസ്റ്റിന്റെ
മുഖപത്രം.

ശിവഗിരിമഠം, വർക്കല. ഫോൺ: 2221

വാല്യം: 14 ലക്കം: 3, 4 ഡിസംബർ–ജനുവരി: 1991



മാനേജിംഗ് എഡിററർ : സ്വാമി ശാശ്വതീകാനന്ദ
എഡിററർ : ഏ. വി. അശോകൻ.
മാസികാ മാനേജർ : സ്വാമി അവ്യയാനന്ദ

# ഉള്ളടക്കം


| | | |
|---|---|---|
| | | പേജ്. |
| മുഖക്കുറിപ്പ് | | 1 |
| സംക്ഷേപശാരീരകം (ഭാഷ) | – സ്വാമി ആനന്ദപുരി | 3 |
| പ്രാർത്ഥനയ്ക്കു ഒരു ആമുഖം | – സ്വാമി സമ്പൂർണ്ണാനന്ദ | 7 |
| ശ്രീനാരായണഗുരു–കവികളിലെ യതിയും യതികളിലെ കവിയും | – വി. വി. ദിൽരാജ്. | 9 |
| ചരിത്രം സൃഷ്ടിച്ച സർവമത സമ്മേളനം | – സ്വാമി അവ്യയാനന്ദ | 17 |
| ഡോ. അംബേദ്കർ | കെടാകുളം കരുണാകരൻ | 20 |
| എന്താണു സാഹിത്യം? | വാടയിൽ സദാശിവൻ | 26 |
| വാർത്തകൾ | | 33 |


കവർ ഡിസൈൻ –ഗ്രാഫ് സ്റ്റുഡിയോ, വർക്കല

വരിസംഖ്യ

വാർഷിക വരിസംഖ്യ 30, ക

ആയുഷ്ക്കാല വരിസംഖ്യ 300, ക

# മുഖക്കുറിപ്പ്

ഭാരതം ഇന്നു ജാതിഭേദചിന്തയുടേയും മതദ്വേഷത്തിൻെറയും കരാളമായ സ്വാധീനത്തിൽ പെട്ടുഴലുകയാണല്ലോ. ഭാരതത്തിൻെറ സ്വാതന്ത്ര്യത്തേയും സമത്വത്തേയും സാഹോദര്യത്തേയും ഈ പ്രവണതകൾ വെല്ലുവിളിക്കുന്നു. ശ്രീനാരായണഗുരുദേവൻ ഭാരതത്തിനു വരാനിരിക്കുന്ന ഈ അപകടത്തെക്കുറിച്ച് ഒരു ശതാബ്ദം മുൻപു തന്നെ ദീർഘദർശനം ചെയ്തിരുന്നു. ജാതിരഹിതവും മതദ്വേഷ ജഡിലവുമല്ലാത്ത സാമൂഹ്യവ്യവസ്ഥിതിക്കുവേണ്ടിയാണ്, അരുവിപ്പുറത്തു ഗുരുദേവൻ നവോത്ഥാനത്തിൻെറ നാന്ദി കുറിച്ചത്. നവോത്ഥാനലക്ഷ്യസാക്ഷാത്കാരത്തിൻെറ ശൈലിയും മനഃശാസ്ത്രവും പ്രതീകാത്മകമായി ഉൾപ്പെടുത്തിക്കൊണ്ട്, അരുവിപ്പുറം സന്ദേശവും ഗുരുദേവൻ നൽകിയിരുന്നു. ഏതു പ്രശ്നവും ശാസ്ത്രീയമായും സമഗ്രമായും അഭിമുഖീകരിക്കുവാൻ ഗുരുദേവൻ നമ്മെ ഉപദേശിച്ചു. അതിനുള്ള പ്രാപ്തി നാം ആർജിക്കേണ്ടിയിരിക്കുന്നു. നമ്മുടെ ചിന്താമണ്ഡലം സ്വതന്ത്രമാക്കുവാനും വികസ്വരമാക്കുവാനും വിദ്യാഭ്യാസം അനിവാര്യമാണ്. വിദ്യകൊണ്ടു പ്രബുദ്ധരാകുവിൻ' എന്ന സന്ദേശം ഗുരുദേവൻ ഈ ലക്ഷ്യത്തോടുകൂടിയാണു നൽകിയത്. ഇത് ഇന്നത്തെ കാലത്ത് അതീവ പ്രസക്തിയുള്ളതാണ്. ലോകത്തു നിലവിലുള്ള, മതങ്ങളും ദർശനങ്ങളും ചിന്താധാരകളും പ്രത്യയശാസ്ത്രങ്ങളും പരിശോധിച്ചു നോക്കിയാൽ മനുഷ്യനെ നന്നാക്കുക എന്ന മൗലികലക്ഷ്യമാണ്, അവയിലെല്ലാം ഉള്ളതെന്നു കാണുവാൻ കഴിയും. മനുഷ്യമനസ്സു വൈചിത്ര്യവും സങ്കീർണ്ണതയും നിറഞ്ഞതാണ്. മനസ്സിൻെറ വൈവിധ്യപൂർണ്ണതയിലാണു വ്യത്യസ്ത ചിന്താപദ്ധതികളുടെ പ്രസക്തി നിലകൊള്ളുന്നത്. പ്രകൃതി നിലനിൽക്കുന്നിടത്തോളം വിഭിന്ന കാഴ്ചപ്പാടുകളേയും സമീപനത്തേയും ഇല്ലാതാക്കുവാൻ കഴിയുകയില്ല. മനുഷ്യമനസ്സു ചഞ്ചലവും ബഹിർമുഖവുമാണ്. മനസ്സിനെ ശുദ്ധീകരിക്കുവാനും ലക്ഷ്യോന്മുഖമാക്കുവാനുമുള്ള ബഹുമുഖങ്ങളായ പന്ഥാവുകളാണു മതങ്ങളും ദർശനങ്ങളും വെട്ടിത്തെളി

ച്ചിട്ടുള്ളത്. ഇവയിൽ ഏതു സ്വീകരിക്കുവാനുമുള്ള സ്വാതന്ത്ര്യം മനുഷ്യനുണ്ട്. മനുഷ്യൻെറ സ്വാതന്ത്ര്യം മനസ്സിൻെറ ആന്തരിക താല്പര്യങ്ങൾകൊണ്ടു നിയന്ത്രിതമാണ്. നമ്മുടെ സ്വാതന്ത്ര്യത്തെ സ്വാധീനിക്കുന്ന ഘടകങ്ങളെ അന്തർമുഖമായി അപഗ്രഥിക്കുവാനും ശാസ്ത്രീയമായി വിലയിരുത്തുവാനുംകൂടി, നാം ശ്രമിക്കേണ്ടതുണ്ട്. സ്വന്തം വ്യക്തിത്വതലങ്ങളെക്കുറിച്ചുള്ള നമ്മുടെ അവബോധം, വളരെ സുപ്രധാനമാണ്.

എല്ലാ മതങ്ങളും നമുക്ക് അജ്ഞാതമായ, നമ്മുടെ അസ്തിത്വത്തിൻെറ ആഴങ്ങൾ കണ്ടെത്തുവാൻ നമ്മേ സഹായിക്കുന്ന വഴിവിളക്കുകളാണ്. ഈ അർത്ഥത്തിൽ മതങ്ങളെ നോക്കിക്കാണുവാൻ നമുക്ക് കഴിയട്ടെ. എങ്കിൽ മാത്രമേ, മതമൗലിക വാദഭ്രമങ്ങളിൽ നിന്നു മാറിനിൽക്കുവാൻ സാധിക്കുകയുള്ളു.

ഉണർന്ന ജനതയാണു സാക്ഷരതയുടെ മുൻപന്തിയിലേയ്ക്കു കേരളത്തെ നയിച്ചത്. എന്നാൽ സമ്പൂർണ്ണ സാക്ഷരത, ഇനിയും നേടിക്കഴിഞ്ഞിട്ടില്ല. ഇതിനുവേണ്ടിയുള്ള ഭഗീരഥ പ്രയത്നം ഗവണ്മെൻറു തന്നെ ഇന്നു സമാരംഭിച്ചിട്ടുണ്ട്. അതു വിജയിപ്പിക്കുവാനുള്ള പ്രതിജ്ഞാബദ്ധതകൂടി, ഇക്കൊല്ലത്തെ തീർത്ഥാടനത്തോടനുബന്ധിച്ചു നാം ഏറെറടുക്കേണ്ടതുണ്ട്.

അജ്ഞതയും അസ്വാതന്ത്ര്യതയുമാണ് എല്ലാത്തരം തിന്മകളുടെയും കേന്ദ്രബിന്ദു. ഇതിനെതിരായ മുന്നേററത്തിലൂടെ മാത്രമേ ഗുരുദേവൻ വിഭാവനം ചെയ്ത നവോത്ഥാനലക്ഷ്യസാക്ഷാത്കാരം നേടുവാൻ കഴിയൂ. ഗുരുദേവൻ വിഭാവനം ചെയ്ത സാമൂഹ്യ വ്യവസ്ഥിതിക്കുവേണ്ടി പ്രവർത്തിക്കുന്നതിലൂടെ മാത്രമേ ജാതിഭേദചിന്തയ്ക്കും മതമൗലിക വാദത്തിനും എതിരായി ക്രിയാത്മകമായി പ്രതികരിക്കുവാൻ കഴിയൂ. തീർത്ഥാടന പരിപാടികൾ ഇതിനായി നമ്മെ പ്രചോദിപ്പിക്കണം.

# സംക്ഷേപ ശാരീരകം (ഭാഷ)-1

[ഗുരുശിഷ്യ സംവാദരൂപത്തിൽ അദ്ധ്യാത്മരഹസ്യങ്ങളെ സരളവും വിശദവുമായി അവതരിപ്പിക്കുന്ന സംസ്കൃത കൃതിയാണു സംക്ഷേപശാരീരകം. ബ്രഹ്മസൂത്രത്തിന്റെ (ശാരീരകമീമാംസയുടെ) പ്രകരണഗ്രന്ഥമെന്ന നിലയിൽ ശ്രീ ശങ്കരാചാര്യരുടെ പ്രശിഷ്യൻ ശ്രീ സർവജ്ഞാത്മ മുനികൾ 1300—ൽപ്പരം ശ്ലോകങ്ങളായി രചിച്ചിട്ടുള്ള ഈ വിശിഷ്ടഗ്രന്ഥം സത്യാന്വേഷികൾക്കു വലിയൊരു കൈവിളക്കാണ്. പ്രസ്തുത കൃതിക്കു മലയാളത്തിലുണ്ടാകുന്ന ആദ്യത്തെ ഈ വിവർത്തനം തുടർന്നുള്ള ലക്കങ്ങളിൽ ശിവഗിരി മാസികയിൽ പ്രകാശിപ്പിക്കുന്നു.

ഇതിന്റെ വിവർത്തകനായ ശ്രീമദ് ആനന്ദപുരി സ്വാമികൾ കേരളത്തിൽ വച്ചു ശാസ്ത്രിപരീക്ഷ പാസ്സായ ശേഷം ഹൃഷികേശത്തു വസിഷ്ഠഗുഹയിലെ സ്വാമി പുരുഷോത്തമാനന്ദ മഹാരാജിൽ നിന്നും സന്ന്യാസം സ്വീകരിച്ച് ഉത്തരേന്ത്യയിൽത്തന്നെ കഴിഞ്ഞ 40 വർഷമായി കഴിഞ്ഞുവരികയായിരുന്നു. അദ്ദേഹം തന്റെ ശിഷ്ടജീവിതം ശിവഗിരിയിൽ പൊതുജനസേവയിൽ വിനിയോഗിക്കാൻ തീരുമാനിച്ചിരിക്കുകയാണ്.]

## ഒന്നാമദ്ധ്യായം

ഗ്രന്ഥകാരൻ ഗ്രന്ഥത്തിന്റെ മംഗളാചരണരൂപത്തിൽ പരബ്രഹ്മത്തെ സ്തുതിക്കുന്നു:—

1. അസത്യ—ജാഡ്യ—ദുഃഖ—ബന്ധമാദിതൻ വിരോധിയാ
യസംഗനിർവികാരമായ്[1] പരിച്ഛിദിസ്ഥതീതമായ്,
സുസന്നികൃഷ്ടമാം മുരാരിതൻ പരം പദം മനഃ—
പ്രസാദനം സ്തവിപ്പു ഞാൻ മികച്ച ഭക്തിവായ്പിനാൽ

അതുപോലെ തന്നെ ജീവസ്വരൂപത്തെയും സ്തുതിക്കുന്നു:—

2. സ്വാജ്ഞാനമൂലം ജഗജ്ജീവദേവ—
ഭ്രമത്താൽ പരിച്ഛിന്നഭാവം കലർന്നോൻ,
വിജ്ഞാനമാത്രൻ ജയിപ്പൂ സദാ സ്വ—
സ്വരൂപസ്ഥിതൻ ചിന്മയൻ ലോകഹേതു.

---

1. പരിച്ഛിദി=പരിച്ഛേദം, ഇതു ദേശ—കാല—വസ്തുകൃതങ്ങളായി മൂന്നാണ്. ഒരു ദേശത്തുണ്ടായിരിക്കുകയും മറ്റൊരു ദേശത്തിലില്ലാതിരിക്കുകയും ചെയ്യുന്നതു ദേശപരിച്ഛേദം, ഇതുപോലെ കാലവസ്തുക്കളിലും. ബ്രഹ്മത്തിലിവ മൂന്നുമില്ലെന്നർത്ഥം.

ജീവബ്രഹ്മൈക്യത്തെ സ്തുതിക്കുന്നു:—

3. സ്വതഃസിദ്ധം താനൊന്നൊഴികെയപരം
മിഥ്യയഖിലം
അതിന്മൂലം ശുദ്ധം പ്രകൃതിവികൃതിത്വാദി രഹിതം—
എതിൻസാക്ഷാദ്രൂപം ചിതിമയഘനം വൈഷ്ണവപദം
അതാം പ്രത്യഗ്രൂപം വിരവൊടു തൊഴുന്നേനവിരതം.

വേദത്തെ സ്തുതിക്കുന്നു:—

4. അശേഷവസ്തുവെച്ചൊല്ലി
വിശ്വസൃഷ്ടിയ്ക്കു ഹേതുവായ്—
അചിന്ത്യശക്തിയാം വേദ—
വാണിയെക്കൈയ് തൊഴുന്നു ഞാൻ.

ശ്രീ ഗണേശനെ സ്തുതിക്കുന്നു:—

5. പ്രസാദിച്ചാലാരാൽ ശ്രമമഖിലജീവിയ്ക്കും സഫലമോ
പ്രസാദാഭാവത്താൽ സുരരുമുപഘാതഗ്രസിതരോ
പ്രസിദ്ധൈശ്വര്യത്താലഖിലഹിതവും നല്കിയിതുപോൽ
ലസിയ്ക്കും വിഘ്നേശൻ—നിഖിലപതിതൻ ചേവടി—
തൊഴായ്.

ശ്രീ വേദവ്യാസനെ സ്തുതിക്കുന്നു:—

6. സൂക്തങ്ങളാമൂർമ്മികളാഞ്ഞടിച്ചും
തത്ത്വാവബോധം തടസീമയാന്നും,
മഹാർഘമാം തക്സുരത്നമേലും—
വ്യാസാബ്ധി നമ്മിൽ കനിയട്ടെ നീണാൾ.

ഭാഷ്യകാര (ശ്രീ ശങ്കരാചാര്യ) നെ സ്തുതിക്കുന്നു:—

7. ദുർവ്യാഖ്യാനകളങ്കപങ്കമിയലെ സ്വാർത്ഥം—
തിരോഭൂതമായ്
(2) നിർവേദാന്വിതയായ * വിദ്യയെ ദയാദൃഷ്ട്യാ—
നിരീക്ഷിച്ചുടൻ
നിർവ്യാജം 'ശ്രുതിമസ്തകാ'ദി ബഹുഭാഷ്യങ്ങൾ—
രചിച്ചാദരാൽ
സർവാർത്ഥം പ്രകടീകരിച്ചഗുരുവാം ശ്രീ ശങ്കരൻ പാതു
മാം.

---

2. നിർവേദം=വിഷാദം * വിദ്യ=ബ്രഹ്മവിദ്യ, വേദാന്തം അല്ലെങ്കിൽ ഉപനിഷത്തുകളെന്നർത്ഥം.

സ്വ ഗുരുവായ സുരേശ്വരാചാര്യനെ സ്തുതിക്കുന്നു:—

8. സുരേശപാദാബ്ജ പരാഗസംഗമാൽ
നിരസ്തദോഷേണ കൃതാത്മനായ ഞാൻ,
അനേകശിഷ്യാവലിയെസ്സമുദ്ധരി—
ച്ചെഴുന്നൊരാ രേണുവിനെത്തൊഴുന്നിതാ.

വീണ്ടും ഗുരുസ്തുതിപൂർവകം തൻെറ നിരഭിമാനിത്വത്തെ പ്രക
ടിപ്പിക്കുന്നു:—

9. ഗുരുചരണസരോജസന്നിധാനാൽ
പരിമിതമായ് പകരുന്നു തദ്ഗുണങ്ങൾ;
ജലനിധി നിജവാസധാമമാന്നും
ജലചരരാശി കുടിപ്പതെത്രയാവാം!

ഗ്രന്ഥത്തെ അവതരിപ്പിക്കുന്നു:—

10. ഗുരുചരണങ്ങളിലേറെ വാഴ്കയാലും
മുരരിപുതന്നിലെഴുന്ന ഭക്തിയാലും
പരമുളവാകിയ ശക്തിയാലെ ശാരീ—
രകമിതു സംഗ്രഹരൂപമോതിടുന്നേൻ.

വിദ്വത്സ്തുതിപൂർവകം ഗ്രന്ഥസമർപ്പണം:—

11. (3) പദ—വാക്യ—പ്രമാണനിപുണരീ
(4) പ്രകരണത്തെ വിമൃശിയ്ക്ക വിധിപോലെ,
ഗുണദോഷവിവേകദക്ഷരാണി—
ബ് ഭുവി വിദ്വജ്ജനമെന്നു വിഖ്യമല്ലോ.

സദ്വിദ്വത്സ്തുതി:—

12. സജ്ജനങ്ങളിതിലെണ്ണിലും ഗുണം
ദോഷമെണ്ണുകിലുമൊന്നുപോലവേ
ആദരിപ്പനഥ ദുർജ്ജനോക്തിയെ—
ക്കേഖദമോടു ബത തള്ളിടുന്നു ഞാൻ.

---

(3) പദവാക്യപ്രമാണനിപുണർ = വ്യാകരണ—ന്യായ—മീമാംസകളിൽ പാരംഗതന്മാർ.

(4) 'പ്രകരണഗ്രന്ഥ' ലക്ഷണം:— ശാസ്ത്രൈകദേശസംബദ്ധം ... ... ... ... ... അർത്ഥാൽ: മൂലഗ്രന്ഥത്തെ സ്പർശിച്ചിരിക്കുകയും അതിൽ പറയാതിരുന്നിട്ടുള്ള ആവശ്യകവിഷയങ്ങളെ വിവരിക്കുന്നതുമായതു് പ്രകരണഗ്രന്ഥം.

മൂഢനിന്ദ:—

13. മഹാനുഭാവർക്കു നിസർഗസിദ്ധമാം—
യശസ്സു മൂടും ക്രമമാചരിപ്പവൻ
അസംശയം ഹസ്തതലത്തിനാലെ തൻ
മറയ്ക്കയാമക്ഷിയെയത്രമാത്രമാം.

യഥാർത്ഥ വസ്തുവെ നേരിൽ കണ്ടിട്ടും ഭ്രാന്തിസംസ്കാരത്തിൻെറ പ്രാബല്യം നിമിത്തം തെററിദ്ധാരണയുണ്ടാകുന്ന ദൃഷ്ടാന്തപ്രദർശനദ്വാരാ ജീവബ്രഹ്മൈക്യമായ ഗ്രന്ഥപ്രതിപാദ്യത്തെ സൂചിപ്പിക്കുന്നു:—

14. ശരിക്കു കണ്ടുവെങ്കിലും മടങ്ങിവന്ന ഭർഛരുവെ (5)
പരോക്തിദൂഷണാൽ നൃപൻ ധരിച്ചു ഭൂതമായ്, തഥാ
ശരീരസംസ്കൃതിഭ്രമം കലർന്നു വേദജന്യമാം—
പരാത്മബോധവും സ്ഫുരിക്കിലും മറിച്ചു—
തോന്നുകായ്.

ഈ നിലയ്ക്കു ചക്ഷുരാദി പ്രമാണങ്ങൾ താന്താങ്ങളുടെ വിഷയങ്ങളിൽ സ്ഥിരനിഷ്ഠങ്ങളല്ലെന്നു വരുമ്പോൾ വേദപ്രമാണജന്യമായ സ്വാത്മബോധവും നൃപൻെറ ഭർഛരുജ്ഞാനം പോലെ നിഷ്ഫലമല്ലേ? എന്ന ആശങ്കയ്ക്കു ഉത്തരം:—

15. മന്ത്രമണിശക്തിയൊഴികിൽ പുകയുദിപ്പൂ
വഹ്നിയതിൽ നിന്നു; മതു പോലെ നിജബോധം,
ആവൃതിനിരാകരണ വേളയിലുദിപ്പൂ
തത്ത്വമസിയാദിമ മഹോക്തികളിൽ നിന്നും.

(തുടരും)

(5) ഭർഛരു: കൊള്ളക്കാരെ അമർത്തുന്നതിലേയ്ക്കു രാജാവു ഭർഛരുവെന്ന മന്ത്രിയെ നിയോഗിച്ചയയ്ക്കുവേ തനിയ്ക്കു ദേശാന്തരത്തിൽ കൊള്ളക്കാരെ നശിപ്പിച്ചിട്ടു സ്വദേശമെത്തുന്നതിനു നേരിട്ട കാലതാമസത്തിനിടയിൽ; ''കൊള്ളക്കാരാൽ മൃതിയടഞ്ഞ ഭർഛരു ഭൂതമായി മാറി അങ്ങുമിങ്ങും ചുററിത്തിരിയുകയാണു്'' എന്നു് ഈർഷ്യാലുക്കളായ ഇതരമന്ത്രിമാർ രാജാവിനെ വിശ്വസിപ്പിച്ചു കഴിഞ്ഞിരുന്നു. കാലാന്തരത്തിൽ ഭർഛരു മടങ്ങിയെത്തുമ്പോഴും ''ഇതു ഭൂതം തന്നെ''യെന്നേ രാജാവിനു വിശ്വസിക്കാൻ കഴിഞ്ഞുള്ളൂ എന്ന കഥയാണു ഇതിൻെറ പിന്നിലുള്ളതു്.

# പ്രാർത്ഥനയ്ക്കു ഒരു ആമുഖം

## സ്വാമി സമ്പൂർണ്ണാനന്ദ

മനുഷ്യർ മററെല്ലാ ജീവജാലങ്ങളെയും അപേക്ഷിച്ച ഉൽക്കൃഷ്ടന്മാരായിരിക്കുന്നതു് ഈശ്വരകാരുണ്യം തന്നെ. പ്രാത്ഥനവഴി അവൻ ഈശ്വരൻെറ ശക്തിസ്രോതസ്സുമായി ബന്ധപ്പെടുന്നു. നമ്മുടെ മനസ്സിൽ അന്തർലീനമായിരിക്കുന്ന അനവധി ശക്തികളെ അറിയാനും സ്വാധീനിക്കാനും പ്രാത്ഥന കാരണമാകുന്നു. ജീവാത്മാവും പരമാത്മാവുമായിട്ടുള്ള ചേർച്ചകൾ അതു വഴിയൊരുക്കുന്നു.

നമ്മൾ കഷ്ടതകൾക്കിടയിൽ നിന്നു് അറിയാതെ 'ദൈവമേ' എന്നു വിളിച്ചുപോകാറുണ്ടു്. വ്യഥപോലെ അറിവോതിടുന്ന സദ്ഗുരു മനുഷ്യനു വേറെയില്ലെന്ന കവിവാക്യം ഇവിടെ ഓർത്തു പോവുകയാണു്. മതസംബന്ധമായ മൂഢവിശ്വാസങ്ങൾക്കൊന്നും ഇടം നൽകാതെ യഥാത്ഥമായ വിശ്വാസത്തേയും സന്മാർഗ്ഗബോധത്തേയും സ്വാശ്രയബുദ്ധിയേയും വദ്ധിപ്പിച്ചു ചെയ്യുന്ന പ്രാത്ഥന ഈശ്വരനിൽ ചെന്നു ലയിക്കുന്നു. ചുരുക്കത്തിൽ ശുദ്ധഹൃദയമാണു ശുദ്ധമായ പ്രാത്ഥനയുടെ ഉറവിടം. രാഗദ്വേഷങ്ങൾ നിറഞ്ഞ മനസ്സുമായി ആയുഷ്കാലം മുഴുവൻ പ്രാത്ഥിച്ചാലും മെച്ചപ്പെട്ട ഫലങ്ങൾ ഉണ്ടാവുകയില്ല. ചെടിച്ചട്ടിയ്ക്കു ദ്വാരം ഉണ്ടായിരുന്നാൽ അതിൽ നനയ്ക്കുന്ന വെള്ളം ചെടിക്കു ലഭ്യമാവുകയില്ലെന്നു ശ്രീരാമകൃഷ്ണപരമഹംസർ ചൂണ്ടിക്കാട്ടിയതു് ഓർക്കുക. അതുപോലെ മനസ്സിനു് ഏകാഗ്രത കൂടാതെ പ്രാത്ഥിച്ചാൽ ഉദ്ദേശിച്ച പരമപദം പ്രാപിക്കുകയില്ല.

ഒരാൾ ഐഹികമായി ഉയൎന്ന പദവികൾ നേടിയെന്നു വരാം. അദ്ധ്യാത്മികമായും അത്യുന്നത സ്ഥാനത്തു് എത്തിയിരിക്കാം. എന്നാൽ അയാളിൽ അഹന്തയും കാമവും കുടിയിരിക്കുന്നെങ്കിൽ അധഃപതിച്ചുപോകും. ആത്മവിചാരത്തിൻെറ അഭാവം സൃഷ്ടിക്കുന്ന ഈ പതനത്തിൽ നിന്നു പരമാത്മാവിനോടുള്ള പ്രാത്ഥന മോചനം നൽകുന്നു. പ്രാത്ഥന യഥാത്ഥമാണെങ്കിൽ ഒരാളിൽ നിന്നു ഗർവ്വു് അപ്രത്യക്ഷമാവുകയും സ്വഭാവം മധുരമാവുകയും ചെയ്യുന്നു. അതു പ്രത്യേകമായ ഉൾക്കരുത്തും സമനിലയും നൽകുന്നു. ചിലർ ഉപരിപ്ലവമായി പറയാറുള്ളതുപോലെ പ്രാത്ഥന ദുർബല മാനസന്മാരുടെ ഊന്നുവ

ടിയല്ല. മഹാത്മാഗാന്ധിയെപ്പോലുള്ളവർപോലും പ്രാർത്ഥനയുടെ ശക്തിയിൽ ഉറച്ചു വിശ്വസിച്ചിരുന്നു.

സ്വർണ്ണവും വൈരക്കല്ലുകളും സമ്പാദിക്കുന്നതു ഖനികൾ കുഴിച്ചും വളരെ പണിപ്പെട്ടു തിരഞ്ഞുമാകുന്നു. അതുപോലെ ജീവിതത്തിന്റെ അമൂല്യതത്ത്വങ്ങളെല്ലാം ആത്മാവാകുന്ന ഖനി ഉൾക്കൊള്ളുന്നു. ക്ഷമയോടും ആത്മനിഷ്ഠയോടും കൂടിയുള്ള അശ്രാന്തപരിശ്രമം ചെയ്തു ജ്ഞാനദേവതയുടെ ശ്രീകോവിൽപടി കടക്കാൻ പ്രാർത്ഥന ഒരുവനെ സഹായിക്കുന്നു.

ഓരോരുത്തരും തന്റെ ചുററുപാടുകളെ നന്നാക്കാൻ നോക്കുന്നതല്ലാതെ തന്നെത്തന്നെ നന്നാക്കാൻ നോക്കുന്നില്ല! അതുകൊണ്ട് അവൻ ബദ്ധനായി ഇരിക്കേണ്ടിവരുന്നു. വിചാരങ്ങൾ വിത്തുകൾ പോലെയാണ്. നല്ല വിത്തുകൾ നല്ല ഫലങ്ങളെ തരും. സാത്ത്വികമായ വിചാരങ്ങൾ വളർത്തിക്കൊണ്ടുള്ള പ്രാർത്ഥന ഹൃദയത്തിൽ പ്രശാന്തി നിറയ്ക്കുന്നു. വിചാരത്തെ ശ്രദ്ധാപൂർവം നിയന്ത്രിച്ച് ഈശ്വരപ്രാർത്ഥന ചെയ്യുന്ന ഒരാൾ പടിപടിയായി ഉൽക്കൃഷ്ടതയെ പ്രാപിക്കുന്നു. മനസ്സിന്റെ പ്രശാന്തതയാണു വിജ്ഞാനം നൽകുന്ന മധുരഫലം. അതു കേവലം ലൗകികവിഷയങ്ങളെക്കുറിച്ചുള്ള അറിവിന്റെ ഉല്പന്നമല്ല. ആത്മസംയമനവിഷയത്തിലുള്ള പരിശ്രമത്തെ ഹൃദയപൂർവമായ പ്രാർത്ഥന സഫലമാക്കുന്നു. പ്രശാന്തനായ മനുഷ്യനു തന്റെ മാർഗ്ഗം തെളിഞ്ഞു കാണാം, ആദ്ധ്യാത്മികമായ ഔന്നത്യം വെറുതേ നടിച്ചു കേമനാണെന്നു സ്വയം കരുതി ജീവിക്കുന്നവനു പ്രാർത്ഥനയുടെ സദ്ഫലം കിട്ടുകയില്ല. പ്രാർത്ഥനയിൽക്കൂടി ഈശ്വരനുമായി ബന്ധപ്പെടുന്നവരിൽ വിനയം വിശേഷിച്ചും വിളങ്ങി നിൽക്കുന്നു.

ജ്ഞാനികൾ ലോകത്തിൽ വളരെ ദുർലഭമാണ്. എന്നാൽ വെറും കർമ്മികൾ കോടിക്കണക്കിനുണ്ട്. നിരന്തരമായ സാധനയുടെ ഫലമായിട്ടാണു ജ്ഞാനികൾ ഉൽക്കൃഷ്ടമായ ആ പദവിയിലെത്തിയതു്. ആ മാർഗ്ഗത്തിൽ പ്രാർത്ഥന അവരുടെ മാർഗ്ഗദീപമായിരുന്നു അതുകൊണ്ടാണു സത്ത്വഗുണത്തെ വികസിപ്പിക്കുന്ന പ്രാർത്ഥനയെ അവർ പിൻതലമുറകൾക്കും ഉപദേശിച്ചുകൊടുത്തതു്. അതിന്നായി തങ്ങളുടെ സരസ്വതീവിലാസം കൂടി അവർ ഭംഗിയായി ഉപയുക്തമാക്കി. ശ്രീനാരായണഗുരുദേവനെപ്പോലുള്ള പരമസത്യദർശികളുടെ ഇഷ്ടദേവതാസ്തുതികൾ പ്രാർത്ഥനയുടെ മണ്ഡലത്തിൽ സഞ്ചരിക്കുന്നവർക്കു ലഭിച്ചിട്ടുള്ള മഹത്തായ പൈതൃകസ്വത്താകുന്നു.

# ശ്രീനാരായണഗുരു-കവികളിലെ യതിയും യതികളിലെ കവിയും II

വി. വി. ദിൽരാജ്

(തുടർച്ച)

ഈ വിധം മതങ്ങളുടെ വിഭിന്നത എന്ന സങ്കല്പത്തിന്റെ സാധുത വേദാന്തത്തിന്റെ ശാസ്ത്രീയത ഉപയോഗിച്ചു ഗുരുദേവൻ നിഷേധിക്കുന്നു. ഇതിലൂടെ ആവിഷ്ക്കരിക്കുന്ന പുതിയ മതമാകട്ടെ എല്ലാ മതങ്ങൾക്കും സ്വീകാര്യമായ ആത്മാവിന്റെ ഉത്ക്കർഷത്തിനു വേണ്ടിയുള്ളതുമാണ്.

## അറിവ് എന്ന ആശയത്തിന്റെ വ്യാപ്തി

'അറിവ്' എന്ന പദം കൊണ്ടു സാധാരണ ഭാഷയിൽ വിവക്ഷിക്കുന്ന ആശയത്തിനുപരി ഒരു സമഗ്രത ഗുരുവിന്റെ വ്യാഖ്യാനങ്ങളിലൂടെ വെളിപ്പെടുന്നുണ്ട്. അറിവ് എന്ന സംജ്ഞ ഇങ്ങനെ അതിന്റെ മുഴുവൻ സമഗ്രതയോടും കൂടി പ്രതിപാദിക്കപ്പെടുന്ന 'അറിവ്' എന്ന കവിത തന്നെ ഗുരുദേവന് ഈ ആശയത്തിലുള്ള സൂക്ഷ്മവും ഏകാഗ്രവുമായ ചിന്തയെ പ്രകാശിപ്പിക്കുന്നു. മററു ചില സന്ദർഭങ്ങളിലും ഈയൊരു സംജ്ഞയെക്കുറിച്ച് അദ്ദേഹം പ്രതിപാദിച്ചുകാണുന്നുണ്ട്. ഗുരുവിന്റേതായി പ്രസിദ്ധീകരിക്കപ്പെട്ട ഒരു ഗദ്യകവിതയുടെ ഭാഗത്തിൽത്തന്നെ ഇങ്ങനെ പറയുന്നു:

''അല്ലയോ ദൈവമേ! കണ്ണുകൊണ്ടു കാണുന്നതൊന്നും നിത്യമല്ല. ശരീരവും നീർക്കുമിളകൾ പോലെ നിലയററതാകുന്നു. എല്ലാം സ്വപ്നതുല്യമെന്നല്ലാതെ ഒന്നും പറയുവാനില്ല. നാം ശരീരമല്ല അറിവാകുന്നു. ശരീരമുണ്ടാകുന്നതിനു മുൻപിലും അറിവായ നാം ഉണ്ടായിരുന്നു. ഇനി ഇതൊക്കെയും ഇല്ലാതെ പോയാലും നാം ഇപ്രകാരം പ്രകാശിച്ചു കൊണ്ടു തന്നെയിരിക്കും.... ... ...''. ഇങ്ങനെ ഗുരു സൂചിപ്പിക്കുന്ന അറിവ് അനാദിയും അഖണ്ഡവുമായ പരമാത്മചൈതന്യം തന്നെയാകുന്നു. ഈ സനാതനമായ അറിവിനെ കണ്ടെത്തുന്നതുവരെ ആത്മാവു മോഹമുഗ്ദ്ധമായ അതിന്റെ പ്രയാണം തുടരുന്നു. ഇതു

ഗുരു പല പ്രകാരത്തിലും വെളിപ്പെടുത്തുന്നുണ്ട്. അജ്ഞാന മറ നീക്കി ജ്ഞാനത്തിലേയ്ക്കുള്ള ഈ പ്രയാണത്തിനാണു ഗുരുദേവൻ ഉത്ബോധിപ്പിക്കുന്നതു്. ഭഗവത്ഗീത തന്നെ ഇങ്ങനെ വെളിപ്പെടുത്തുന്നുണ്ടല്ലോ:

അജ്ഞാനേനാവൃതം ജ്ഞാനം
തേനമുഹ്യന്തി ജന്തവഃ

ജീവജാലങ്ങളാകെ ഇങ്ങനെ അജ്ഞാനമായ ആവരണം കൊണ്ടു ജ്ഞാനം മറയ്ക്കപ്പെട്ട നിലയിൽ കഴിയുന്നു. അതിനാൽ ജീവിതമെന്ന കരകാണാക്കടലിൽപ്പെട്ടുഴലുകയും ചെയ്യുന്നു.

'ആത്മോപദേശശതക'ത്തിലും അഖണ്ഡബോധമായ ഇതേ അറിവിനെക്കുറിച്ചു പ്രഖ്യാപിക്കുന്നുണ്ടു്. 'ഞാൻ' എന്ന അഹം ബോധവും 'ഇത്' എന്ന ദ്വിതീയ ബോധവും കൂടിച്ചേരുന്നതിനെപ്പററി ഗുരു പറയുന്നതു കാണുക:

''അറിവിലിരുന്നൊരഹന്തയാദ്യമുണ്ടായ്–
വരുമിതിനോടൊരിദന്ത വാമയായും
ഖരുമിവ രണ്ടുലപങ്ങൾ പോലെ മായാ–
മരമഖിലം മറയെപ്പടന്നിടുന്നു.''

ഈ രണ്ടു ബോധവും ചേർന്നു മായാമരത്തെ മറച്ചുകളയുന്ന വിധം പടർന്നു പിടിക്കുന്നതായാണു ഗുരു വിവരിക്കുന്നതു്. ഇതു നിമിത്തം 'ഇതു ഞാനാകുന്നു' എന്ന ബോധത്തിലേയ്ക്കെത്തുന്ന 'അറിവ്' തടയപ്പെടുകയും ചെയ്യുന്നു. തുടർന്നു 59 മുതൽ 70വരെയുള്ള പദ്യങ്ങളിൽ 'ഞാൻ' എന്ന ബോധം 'അവൻ' എന്ന ബോധത്തിൽ നിന്നും ഭിന്നമായിരിക്കുന്നിടത്തോളം 'അറിവ്' എങ്ങനെ അപൂർണ്ണമായവശേഷിക്കുന്നു എന്നു വിശകലനം ചെയ്യുകയാണു്. അറിവു്, അറിയുന്നവൻ, അറിയപ്പെടുന്നവ ഇവ മൂന്നും ചേർന്ന ത്രിപുടി ഒരേ അറിവിൻെറ അംശമായിക്കാണുന്ന ഉണ്മയിലേയ്ക്കാണു ഗുരു ജിജ്ഞാസുവിനെ നയിക്കുന്നതു്. 'അറിവു' ഇപ്രകാരം നേടിക്കഴിഞ്ഞവൻ, 'അറിവും' 'ഞാനും' ഒരേ ഉണ്മയുടെ അംശങ്ങളാണെന്ന സത്യം കണ്ടെത്തുകയും ചെയ്യുന്നു:

''അറിവിനെയും മമതയ്ക്കധീനമാക്കി
പ്പറയുമിതിൻ പരമാർത്ഥമോർത്തിടാതെ,
പറകിലുമപ്പുരത്തത്വമെന്ന പോലീ–
യറിവറിയുന്നവനന്യമാകുവീല.''

ഈ അറിവ് ഒരന്വേഷകൻ മാത്രമേ കണ്ടെത്തുന്നുള്ളു. ഈ സത്യത്തെ അന്വേഷിക്കുന്നവൻ കാണപ്പെടുന്ന ഈ പ്രപഞ്ചത്തിലുള്ള സകല ചരാചരങ്ങളും ആ ഒരേ സത്യത്തിന്റെ രൂപങ്ങളാണെന്ന പരമമായ പ്രപഞ്ചസത്യത്തിൽ എത്തിച്ചേരുകയും ചെയ്യുന്നു. അങ്ങനെയുള്ള ഒരുവനു കണ്ടെത്താനാവാത്തതായി ഒന്നും തന്നെ പിന്നെയവശേഷിക്കുന്നില്ല. ഇതാണു ഗുരു ഇങ്ങനെ പ്രസ്താവിക്കുന്നത്''

''ഒരു കുറി നാമറിയാത്തതൊന്നുമിങ്ങി-
ല്ലുരുമറവാലറിവീലുണർന്നിതെല്ലാം
അറിവവരില്ലതിരറ്റതാകയാലി-
യരുമയെയാരറിയുന്നഹോ! വിചിത്രം.''

തുടർന്നു 70-ാം ഖണ്ഡത്തിലും ഈ അറിവു നേടുന്നതിനു വിഘാതമായി നില്ക്കുന്ന ഇന്ദ്രിയസുഖത്തിലുള്ള താല്പര്യത്തെക്കുറിച്ചു ഗുരു സൂചിപ്പിക്കുന്നുണ്ട്. ഈ നൈമിഷിക സുഖങ്ങളോടുള്ള മോഹം തുടരുന്നിടത്തോളം പരമമായ അറിവ് അപ്രാപ്യമായി നില്ക്കുകയും ചെയ്യുമല്ലോ! അതിനെയാണു ഗുരുദേവൻ ഈ വിധം കാണിക്കുന്നത്:

ഒരു രതി തന്നെയഹന്തയിന്ദ്രിയാന്തഃ-
കരണകളേബരമെന്നിതൊക്കെയായി
വിരിയുമതിന്നു വിരാമമെങ്ങു വേറാ-
മറിവവനെന്നറിവോള മോർത്തിടേണം.

ഇങ്ങനെ ഗുരു ആവിഷ്ക്കരിച്ച അറിവ് എന്ന ആശയം അതിന്റെ പൂർണ്ണരൂപത്തിൽ ഉൾക്കൊണ്ടിരിക്കുന്ന കൃതിയാണ് 'അറിവ്'. ഈ ലഘു കൃതി ഗുരുദേവൻ രൂപപ്പെടുത്തിയ അറിവെന്ന ആശയത്തെ സംക്ഷേപിച്ചുവെച്ച ഒരു മണിച്ചെപ്പായി കണക്കാക്കാം. ഈ കവിതയുടെ തുടക്കം തന്നെ ശ്രദ്ധാർഹമാണ്:

''അറിയപ്പെടുമിതു വേറ-
ല്ലറിവായീടും തിരഞ്ഞിടും നേരം
അറിവിതിലൊന്നായതു കൊ-
ണ്ടറിവല്ലാതെങ്ങുമില്ല വേറൊന്നും.''

ഇതിലെ ചിന്ത എത്രമാത്രം ഏകാഗ്രമാണെന്നു നോക്കുക. അറിയപ്പെടുന്നവ എന്നതു സൂക്ഷ്മമായി ചിന്തിക്കുകയാണെങ്കിൽ പ്രപഞ്ചചൈതന്യമായ 'അറിവ്' തന്നെയാണെന്നാണ് അദ്ദേ

ഹം വിവക്ഷിക്കുന്നതു്. ഈ സൂക്ഷ്മമായ അറിവിനു പ്രപഞ്ചത്തിലൊരിടത്തും മാററമില്ലാത്തതാണു്. അതല്ലാതെ മറെറാന്നും ഈ പ്രപഞ്ചത്തിലില്ല തന്നെ. അദ്വൈത വേദാന്തത്തിലെ ഈ പൊരുളാണു് ആദ്യവരികളിലൂടെ തന്നെ ഗുരു വെളിപ്പെടുത്തുന്നതു്. ഇതിനോടനുബന്ധമായ ആശയം തന്നെയാണു രണ്ടാം ഖണ്ഡത്തിലും ഗുരു വിവരിക്കുന്നതു്:

''അറിവില്ലെന്നാലില്ലീ–
യറിയപ്പെടുമെന്നതുണ്ടിതെന്നാലും
അറിവൊന്നില്ലെന്നാലീ–
യറിവേതറിവിന്നതില്ലറിഞ്ഞീടാം.''

അറിയപ്പെടുന്നതു് അഥവാ നാം കാണുന്ന ഈ ബാഹ്യപ്രപഞ്ചത്തിലെ ജഡ വസ്തുക്കളെല്ലാം അറിവെന്ന ചൈതന്യ സ്വരൂപമില്ലെങ്കിൽ നിലനില്ക്കുകയില്ല. ഈ അറിവു് അനാദിയും അനന്തവുമാണെന്നും വേറിട്ടുണ്ടെന്നു തോന്നുന്ന മററു ദർശനങ്ങളെല്ലാം തന്നെ സ്വപ്നതുല്യമായ ഒരവസ്ഥയാണെന്നും തുടർന്നദ്ദേഹം വെളിപ്പെടുത്തുന്നു.

''അറിവിന്നളവില്ലാതേ–
തറിയാമറിവായതും വിളങ്ങുന്നു
അറിവിലെഴുന്ന കിനാവി–
ങ്ങറിവായീടുന്ന വണ്ണമങ്ങെല്ലാം.''

ഇതു വ്യക്തമാകാനെന്തു ചെയ്യണമെന്നും ഗുരു വിവരിക്കുന്നുണ്ടു്. അറിയപ്പെടുന്നതു് അറിവിൽ നിന്നുൽഭൂതമായവ തന്നെ എന്നു കാണാൻ നാം നമ്മളിലേയ്ക്കു നോക്കിയാൽ മതി. അവിടെ സദാ പ്രകാശിച്ചുകൊണ്ടിരിക്കുന്ന ഉണ്മ കണ്ടെത്തുവാൻ കഴിയും.

''അറിവെന്നതു നീയതു നി–
ന്നറിവിട്ടറിയപ്പെടുന്നതെന്നായി
അറിയപ്പെടുമിതു രണ്ടാ–
ന്നറിയുന്നുണ്ടെന്നുമൊന്നതില്ലെന്നും.''

ഇവിടെ യഥാർത്ഥമായ ചൈതന്യം അറിയപ്പെടുന്നതു് എന്ന രണ്ടു രൂപത്തിലും വേർപെട്ടു കാണാനിടയാകുന്നതിനെക്കുറിച്ചുമാണു പ്രതിപാദിക്കുന്നതു്. ഇങ്ങനെ രണ്ടായി കാണപ്പെടുന്നതിൽ നിന്നും അറിവിനെ വേറിട്ടറിയുകവഴി നേടുന്ന ആത്മസാക്ഷാത്ക്കാരത്തെപ്പററി പറഞ്ഞാണു ഗുരു ഈ ലഘുകവിത ഉപസംഹരിക്കുന്നതു്.

'അറിവ്' എന്ന ഈ കവിതയിലും മറേറതാനും കൃതികളിലും കൂടി ഗുരുദേവൻ ഇത്തരത്തിൽ പ്രതിപാദിക്കുന്ന 'അറിവ്' അവയിലെ പരിമിതമായ വിവരണത്തിൽ ഉൾക്കൊള്ളിക്കാവുന്നതല്ല. അറിവിനെപ്പററി സംക്ഷിപ്തമായ ഒരു വിവരണം നൽകാനാണ് ഗുരു ഇവിടെ ശ്രമിച്ചിട്ടുള്ളത്. 'അറിവിലേയ്ക്കുള്ള അന്വേഷണത്തിൽ അതിനെ മുഴുവൻ സമഗ്രതയോടും ഉൾക്കൊള്ളാൻ നമ്മെ ഇത് സഹായിക്കും. ഗുരുവിൻെറ പ്രതിപാദനരീതി അദ്ദേഹത്തിനു മാത്രം സാദ്ധ്യമായ ഒരു രൂപത്തിൽ ദൃശ്യമാകുന്ന സന്ദർഭങ്ങളാണ് മേല്പറഞ്ഞ ഉദാഹരണങ്ങളെല്ലാം. വേദാന്തത്തിലും സാഹിത്യത്തിലും ഒരുപോലെ നിപുണമായ ഒരു മനസ്സിനല്ലാതെ ഇത്തരം ഒരു രചനാരീതി വാർത്തെടുക്കാനാവില്ല. ശാസ്ത്രീയതയും യുക്തിയും ഈ ശൈലിയ്ക്ക് ഒരുറച്ച പിൻബലം നൽകുന്നുമുണ്ട്. ഗുരുദേവൻെറ വാഗ്മിത്വം ഏറെ പ്രകടമാകുന്ന സന്ദർഭങ്ങളുമാണിവ.

## സ്വതന്ത്രമായ ചിന്ത, ആഴമുള്ള ശൈലി

ഗുരു രചിച്ചിട്ടുള്ള കൃതികളിൽ പ്രമുഖമായ സ്ഥാനം നൽകാവുന്ന ഒന്നാണ് തമിഴ് ഭാഷയിൽ രചിക്കപ്പെട്ട 'തേവാരപ്പതികം'. അതിൻേറതായ പ്രത്യേക ശൈലിയിൽ ശ്രദ്ധേയമായ സ്ഥാനം തമിഴ് ഭാഷാപണ്ഡിതന്മാർ ഈ കൃതിയ്ക്ക് കല്പിച്ചിട്ടുണ്ട്. പ്രാചീന തമിഴ് സാഹിത്യത്തിൻെറ ചുവടുപിടിച്ചാണ് ഇതിൻെറ ശൈലിക്കു രൂപംകൊടുത്തിട്ടുള്ളത്. തമിഴ് സാഹിത്യത്തിലെ ഭക്തിപ്രസ്ഥാനത്തിൽപ്പെട്ട നായനാർമാരുടെ രചനാരീതിയിൽ ഇഷ്ടദേവതയെ വിശിഷ്ടവസ്തുക്കളുടെ രൂപത്തിൽ ദർശിച്ച് സായുജ്യം കണ്ടെത്തുന്നതാണ് ഈ കൃതിയുടേയും ശൈലി.

''പൊന്നേ, മണിയേ, മരതകമേ,
പൂവേ, മധുവേ, പൂമ്പൊടിയേ
മന്നേ, മയിലേ, കുയിലേ, വൻ-
മലൈയേ, ചിലൈയേ, മാനിലമേ''

(പൊന്നേ, രത്നമേ, മരതകമേ, പൂവേ, തേനേ, പൂമ്പൊടിയേ, രാജാവേ, മയിലേ, കുയിലേ, മലയേ, ശില്പമേ, മഹാഭൂമിയെ എന്നെ രക്ഷിച്ചുകൊണ്ടാലും) ഇതിനോടൊപ്പം ഗുരു 'തിരുക്കുറൾ' തമിഴിൽനിന്നും വിവർത്തനം ചെയ്യുകയുണ്ടായല്ലോ.

എന്നാൽ സംസ്കൃതത്തിലേയ്ക്കു കടന്നുചെന്നാൽ ഭാഷാരീതി കുറേക്കൂടി സാന്ദ്രമാകുന്നതു കാണാം. ശ്രീവിനായകാഷ്ടകത്തിലെ ഈ വരികളും.

''സദാശം സുരേശം സദാ പാതുമീശം
നിദാനോദ്ഭവം ശാംകര പ്രേമകോശം
ധൃതശ്രീ നിശേശം ലസദ്ദന്തകോശം
ചലച്ഛൂലപാശം ഭജേ കൃത്തപാശം.''

ചിദംബരാഷ്ടകത്തിലെ താഴെപ്പറയുന്ന വരികളും.

''കലിമലകാനന പാവകലിങ്ഗം
സലിലതരംഗ വിഭൂഷണലിങ്ഗം
പലിതപതംഗ പ്രദീപകലിങ്ഗം
തൻമൃദുപാതു ചിദംബരലിങ്ഗം''

പ്രാതിനിധ്യ സ്വഭാവമുള്ളവയാണ്. ഇത്തരം കവിതകളിൽ ശബ്ദാർത്ഥങ്ങൾ മനോഹരമായി ഏകീഭവിച്ച് അത്യപൂർവ്വമായ ഒരനുഭൂതി സൃഷ്ടിക്കുന്നതു് കാണുക. എന്നാലും സംസ്കൃതത്തിൽ ഗുരുവിൻേറതായ കൃതികളിൽ ഗഹനവും ശ്രേഷ്ഠവുമായ സ്ഥാനം 'ദർശനമാല'യ്ക്കു തന്നെ. ഇതു് പത്തു ദർശനങ്ങളായി തിരിച്ച വേദാന്തത്തിലെ ആഴമുള്ള സമസ്യകൾക്ക് ഉത്തരം കൃത്യമായി നൽകുന്നു, ഗുരുദേവൻ. 'മുനിചര്യാപഞ്ചകം' 'നിർവൃതി പഞ്ചകം' ഇവയിൽ ഉൾക്കൊള്ളിച്ചിട്ടുള്ള അനുഭവസമ്പത്തിൽ നിന്നുള്ള നിരീക്ഷണങ്ങൾ ലഘുവെങ്കിലും സുചിന്ത്യങ്ങളാണ്. ആരാണ് മുനി, എങ്ങനെ മുനി ജീവിക്കുന്നു. പ്രപഞ്ചത്തെവീക്ഷിക്കുന്നു. എന്നു് ഗുരുദേവൻ വിലയിരുത്തുകയാണ്. ഈ രണ്ടു കവിതകളിൽ.നിർവൃതി പഞ്ചകത്തിൽ ഗുരു പറയുന്നു.

കോ നാമ ദേശഃ കാ ജാതിഃ
പ്രവൃത്തിഃ കാ കിയദ്വയഃ
ഇത്യാദി വാദോപരതിർ–
യസ്യ തസ്യൈവ നിർവൃതിഃ

(ഏതാണ്് നാട്, ജാതി ഏത്, ഉപജീവനമാർഗ്ഗമെന്ത്, വയസ്സെത്ര, തുടങ്ങിയ വാദങ്ങൾ ഏതൊരാൾക്ക് ഇല്ലാതാകുന്നുവോ അയാൾക്കു മാത്രമേ നിർവൃതിയുള്ളൂ.)

മലയാളത്തിലെ ഗുരുദേവൻെറ കവിതകളെല്ലാം ദീപ്തമാകുന്ന ഒരാലക്തികകാന്തി ആ കവിതകളിലെല്ലാം മിന്നിനില്ക്കു

ന്നതു കാണാം. ആശാൻ പറഞ്ഞിട്ടുള്ളതുപോലെ പലപ്പോഴും ദുർഗ്രഹമാണ് ആ ഭാഷാരീതിയെങ്കിലും അവയിൽ ഉൾക്കൊള്ളുന്ന ചിന്തനീയങ്ങളായ ആശയങ്ങളും തിളങ്ങുന്ന മൗലികശോഭയും ആർക്കും ചോദ്യംചെയ്യാവുന്നതല്ല. 'കാളീനാടകം' പോലെ ഗഹനവും അഗാധവുമായ ആവിഷ്കാരശൈലിയിലുള്ളവയും 'ജനനീനവരത്നമഞ്ജരി' പോലെ അനാർഭാടമെങ്കിലും ഹൃദയാവർജ്ജകമായവയും മലയാളത്തിലെ ഗുരുവിന്റെ കവിതകളിൽ പ്രമുഖമായി പറയാവുന്നതാണല്ലോ. ജനനീനവരത്നമഞ്ജരിയിലെ ചില ഭാഗങ്ങൾ പ്രത്യേകം പ്രസ്താവ്യമാണ്. ഉദാഹരണമായി:

മേലായമൂലമതിയാലാവൃതം, ജനനി!
നീലാസ്യമാടി വിടുമീ–
കീലാലവായ് വനലകോലാഹലം ഭുവന–
മാലാപമാത്രമഖിലം:
കാലാദിയായ മുതുനൂലാലെ നെയ്യുമൊരു
ലീലാപടം ഭവതി മെയ്–
മേലാകെ മൂടുമതിനാലാരു മുള്ളതറി–
വീലാഗമാന്ത നിലയേ!

എന്നിങ്ങനെ രാജയോഗ ജനനിയെ സംബോധനചെയ്തുകൊണ്ടുള്ളവ ഈ മൗലിക ശോഭയെ ചേതോഹരമായി ആവിഷ്കരിക്കുന്നതിന് സാധിച്ചിട്ടുള്ള വയാണ്.

ഗുരുവിന്റെ ആദ്യകാല സ്തോത്രങ്ങളും ഗാനങ്ങളും തൊട്ട് പരിശോധിച്ചാൽ ആ കൃതികളിലാകെ നിരന്തരമായി തെളിഞ്ഞുനില്ക്കുന്നവയും വികസിച്ചുവരുന്നവയുമായ ചില പൊതുധാരകൾ കാണാം. പ്രപഞ്ചസത്തയുടെ സൂക്ഷ്മസ്വഭാവത്തിലേയ്ക്കുള്ള അന്വേഷണത്തിനുള്ള ത്വര എപ്പോഴും അവയിൽ പ്രകടമായിരുന്നു. താൻ ദർശിച്ച സത്യചൈതന്യം മററുള്ളവരിലേയ്ക്കു പകരുന്ന ഒരു ശൈലിയാണദ്ദേഹം സ്വീകരിച്ചത്. ഈ അംശമാണ് ഗുരുദേവനെ കവികളിൽത്തന്നെ യോഗിയായ കവിയെന്ന അതിശ്രേഷ്ഠ സ്ഥാനത്തിലേയ്ക്കുയർത്തിയത്. ഗുരുദേവന്റെ കവിതകളിൽ ഒന്നാകെ നിറഞ്ഞുവിലസുന്ന 'ദർശനദീപ്തിയും മൗലികലാവണ്യവും ഭാവനാവിലാസവും' കാവ്യസാഹിത്യത്തിൽ ഗുരുവിന്റേതു മാത്രമായ ഒരു ലോകം എന്നും നിലനിറുത്തുന്നു.

# പ്യാരി റെഡ്

## സാൻറൽ സോപ്പ്

**പാരമ്പര്യത്തിൻെറ മൂല്യം**

**മുറുകെ പിടിച്ചുകൊണ്ട്**

ആയുർവ്വേദശാസ്ത്ര തത്ത്വങ്ങൾ ഉൾക്കൊണ്ട് തികച്ചും ആധുനിക രീതിയിൽ നിർമ്മിച്ചവയാണ് **പ്യാരി രക്തചന്ദന സോപ്പ്.**

രക്തചന്ദനത്തിൻെറ മഹത്വം ഭാരതീയർക്ക് പുതിയ അറിവല്ല. ശുചിത്വത്തിനും, മേനിയഴകിനും ആരോഗ്യത്തിനും ഇതിലുൾക്കൊണ്ട പ്രത്യേക മൂലികകൾ വിശേഷഫലം ചെയ്യുന്നു.

ഒപ്പം ഹൃദ്യമായ പരിമളവും.

**പ്യാരി പ്രോഡക്ററ്**

കൊച്ചിൻ
Pin. 682217

Soap Makers
Since 1930

# ചരിത്രം സൃഷ്ടിച്ച സർവ്വമതസമ്മേളനം

സ്വാമി അവ്യയാനന്ദ

ആലുവാ ശിവരാത്രി എന്നു കേൾക്കുമ്പോൾ പെട്ടെന്നു മനോമണ്ഡലത്തിൽ നിറഞ്ഞു നിൽക്കുന്നതു് ആലുവാ മണൽപ്പുറവും ജനത്തിരക്കുമൊക്കെയാണല്ലോ. ഈ തിരക്കിൽ നിന്നെല്ലാമൊഴിഞ്ഞു പ്രശാന്തിയുടെ ശാന്തിമന്ത്രമുരുവിടുന്ന ഒരാശ്രമം, അദ്വൈതാശ്രമം. മാനാപമാനസമമാനസ രാജഹംസമായിരുന്ന ഒരു ഋഷിശ്രേഷ്ഠൻെറ തപോബലം കൊണ്ടു പുകൾ പെററ ഈ തപോവാടി ഹൃദയശാലികളുടെ അഭയകേന്ദ്രമാണു്. ഗുരുദേവൻെറ ദർശനപ്രപഞ്ചത്തിലേയ്ക്കു നടന്നടുക്കുന്ന ആരിലും കർപ്പൂരദ്യുതി പകരുന്നു ഈ പുഴയും പുഴയോരവും. 1924 ലെ ഒരു ശിവരാത്രി നാളിൽ ഈ പുണ്യപുളിനത്തിൽ വച്ചു് ആദ്യത്തെ സർവ്വമതസമ്മേളനം നടന്നു. ''പല മതസാരവുമേക''മെന്ന ഗുരുവചനത്തിൻെറ പൊരുളുതേടുന്നതായിരുന്നു ആ മഹത്തായ വിചാരവേദി. വേദിയിലണിനിരന്ന പ്രഗത്ഭരുടെ പ്രഭാഷണങ്ങൾ ഇന്നും ചിന്തനീയമാണു്.

''വാദിക്കാനും ജയിക്കാനുമല്ല അറിയാനും അറിയിക്കാനുമാണു്'' ഇതായിരുന്നു സർവ്വമതസമ്മേളനം മുഖ്യമായും ഉയർത്തിപ്പിടിച്ചിരുന്നതു്. ഗുരുദേവസാന്നിദ്ധ്യം നിറഞ്ഞു നിന്ന സദസ്സിൽ നിന്നും ഒഴുകിയെത്തിയ സ്വാഗതപ്രസംഗം ഇന്നും മനുഷ്യമേധകളെ സ്വാധീനിക്കുവാൻ പോന്നതാണു്. കേരളത്തിൻെറ വിവേകാനന്ദൻ എന്നു ഗുരുദേവൻ തന്നെ വിശേഷിപ്പിച്ച സ്വാമി സത്യവ്രതൻ ആയിരുന്നു സ്വാഗതപ്രസംഗകൻ. ''ഒരു ഹിന്ദുവിൻെറ മകനായി ജനിച്ചതുകൊണ്ടു ഞാൻ ഹിന്ദുവായി എന്ന ഗണന വിട്ടു് ഒരു ഹിന്ദുവാണെന്നു വിശ്വസിച്ചു ജീവിക്കുന്നവനാണു യഥാർത്ഥ ഹിന്ദു.'' അദ്ദേഹം ഊന്നിപ്പറയുകയുണ്ടായി. മതത്തിൻെറ നിത്യമായ സത്യത്തെ തിരയുന്നവർക്കു് ഇന്നും ഒരു കൈവിളക്കാണു സ്വാമിജിയുടെ

പ്രൗഢഗംഭീരമായ വാക്കുകൾ. മദ്രാസ്സ് ഹൈക്കോടതി ജഡ്ജിയായിരുന്ന സർ സദാശിവ അയ്യർ ആയിരുന്നു അദ്ധ്യക്ഷൻ.

ഈ മഹാസമ്മേളനത്തിൻെറ ചുവടു പിടിച്ചുകൊണ്ടാണു സർവ്വമതസമ്മേളനങ്ങൾ വർഷംതോറും ശിവരാത്രി നാളിൽ നടന്നു വരുന്നതു്. 68–ാമതു സർവ്വമതസമ്മേളനത്തിനു് അദ്വൈതാശ്രമം ഒരുങ്ങിക്കഴിഞ്ഞു. ശാസ്ത്രീയമായ രീതിയിൽ പിതൃതർപ്പണകർമ്മങ്ങളും ആശ്രമത്തിൽ ശിവരാത്രി നാളിൽ നടക്കുന്നുണ്ടു്. ശിവഗിരി ബ്രഹ്മവിദ്യാലയത്തിൽ നിന്നു ശിക്ഷണം ലഭിച്ചിട്ടുള്ള ബ്രഹ്മചാരികളാണു വൈദിക കർമ്മങ്ങൾക്കു നേതൃത്വം കൊടുക്കുന്നതു്. സൗമ്യനും പക്വമതിയുമായ യുവസന്ന്യാസി ശ്രീമത് അസ്പർശാനന്ദസ്വാമികളാണു് ആശ്രമാധിപതി. സത്സംഗവും സമൂഹപ്രാർത്ഥനയും ധ്യാനസന്ധ്യകളും കൊണ്ടു ധന്യധന്യമാണു് അദ്വൈതാശ്രമം.

ഈ പുഴയോരത്തു നിന്നു് എത്ര എത്ര സന്ധ്യകളും പുലരികളുമാണു ഗുരു തന്നിലേയ്ക്കു് ആവാഹിച്ചിട്ടുള്ളതു്. ഗുരുദേവൻെറ പ്രധാനപ്പെട്ട പല സന്ദേശങ്ങളുടേയും ഈററില്ലവും അദ്വൈതാശ്രമം തന്നെ. പടർന്നു പന്തലിച്ചു നിൽക്കുന്ന വൃക്ഷഛായകൾക്കു കീഴെ തീരത്തെ തഴുകിയൊഴുകുന്ന പുഴ. ഈ പുഴ ഹൃദയശാലികളെ എന്നും കൂട്ടിക്കൊണ്ടുപോകുന്നതു് അറിവിന്നപാരതയിലേക്കാണു്. ഈ അവ്യയമായ അനന്തതയിൽ പലവുരു ശ്രദ്ധാഞ്ജലി അർപ്പിച്ച മഹാത്മാവായ, മനീഷിയായ, മഹർഷിവര്യനാണു ശ്രീനാരായണഗുരുദേവൻ.

വിഗ്രഹപ്രതിഷ്ഠകളില്ലാതെ ഭൂമിയുടെ ഔദാര്യങ്ങളെ മാത്രം മനുഷ്യഹൃദയങ്ങൾക്കു മുന്നിൽ തുറന്നു കാട്ടുകയായിരുന്നു ഗുരുദേവൻ. ആയതിനാലാവാം അദ്വൈത ദർശനത്തിൻെറ ഗൗരീശങ്കരത്തിലേറി നിന്നുകൊണ്ടു ഗുരു മഹാശിവരാത്രി നാളിൽ ഇങ്ങനെയൊരു സർവ്വമതസമ്മേളനത്തിനു കളമൊരുക്കിയതു്. ഗുരുദേവൻെറ ആദ്യത്തെ പ്രതിഷ്ഠാമുഹൂർത്തവും ശിവരാത്രിനാളിലായിരുന്നല്ലോ. നെയ്യാറിൻെറ തീരത്തു്. ഇതു പെരിയാറാണു്. ഇവിടെ വീശിയതു മറെറാരു മാററത്തിൻെറ കാററായിരുന്നു. രണ്ടു നദീതീരങ്ങളിൽ തുടങ്ങിയ പരിവർത്തനത്തിൻെറ മുഖങ്ങൾ വളരെ സൂക്ഷ്മമായി പഠിക്കുകയാണെങ്കിൽ ഗുരുവിൽ തിങ്ങി നിറഞ്ഞിരുന്ന അദ്വൈതബോധം വളരെ വ്യക്തമായി മനസ്സിലാകുന്നതാണു്.

ചിന്തയാം മണിമന്ദിരത്തിൽ വിളങ്ങുന്ന ഈശ്വരനെ കാട്ടിക്കൊടുക്കുവാനുള്ള വഴി, അതാണ് അദ്വൈതാശ്രമത്തിലെ ആദ്യത്തെ സർവ്വമതസമ്മേളനവും.

ശുദ്ധമായ ചിന്തകളുടെ ശംഖനാദവും നിത്യവിനയത്തിലൂന്നിയ സാഹോദര്യത്തിന്റെ തക്ബീറൊലികളും നിർമ്മല സ്നേഹത്തിന്റെ പള്ളിമണിയൊച്ചകളും കേട്ടു പ്രബുദ്ധമാകുന്ന ഒരു തലമുറയെ ഗുരുദേവൻ സ്വപ്നം കണ്ടിരുന്നു. ഇന്നും വിദൂരമാണാ സ്വപ്നം. നമുക്കു് അതു സാക്ഷാത്ക്കരിക്കുവാൻ കഴിയുമോ? കഴിയണമെങ്കിൽ:—

"പലമതസാരവുമേകമെന്നു പാരാ-
തുലകിലൊരാനയിലന്ധരെന്നപോലെ
പലവിധയുക്തി പറഞ്ഞു പാമരന്മാ-
രലവതു കണ്ടലയാതമർന്നിടേണം."

അതിനുവേണ്ടിയുള്ളതാണു സർവ്വമതസമ്മേളനം.

മതവൈരം കൊണ്ടു പൊറുതിമുട്ടിയ ഒരു സമൂഹത്തിനു് ആശ്വാസത്തിന്റെ അമൃതധാരയാകുവാൻ ഇതുപോലുള്ള സർവ്വമതസമ്മേളനങ്ങൾക്കു കഴിയട്ടെ!!

ആശംസകൾ!!

ചെങ്ങന്നൂർ വരുമ്പോൾ ഓർക്കുക!!

**പ്രഭാത് ട്യൂറിസ്റ്റ് ഹോം**

**&**

**പ്രഭാത് കോഫി വർക്ക്സ്**

ചെങ്ങന്നൂർ, കേരളം.

Pin 689121

ഫോൺ: ഓഫീസ്: 2264
വസതി: 2305
ലോഡ്ജ്; 2424

മാനേജിംഗ് ഡയറക്ടർ : കെ. കേശവൻ

# ഡോ: അംബേദ്ക്കർ

**കെടാകുളം കരുണാകരൻ**

''നിങ്ങളുടെ അടിമത്തം നിങ്ങൾ തന്നെ അവസാനിപ്പിക്കണം. ദൈവത്തേയോ മററേതെങ്കിലും മനുഷ്യാതീത ശക്തിയേയോ അതിനായിട്ട് അവലംബിക്കരുത്. ഉപവാസം കൊണ്ടോ തീർത്ഥയാത്രകൾ കൊണ്ടോ നിങ്ങൾക്ക് ഒരിക്കലും മോചനം ലഭിക്കുകയില്ല. രാഷ്ട്രീയാധികാരം കൊണ്ടു മാത്രമേ അതു സാധ്യമാകൂ. വിശുദ്ധഗ്രന്ഥങ്ങൾ ഭക്തിപൂർവം പാരായണം ചെയ്തതുകൊണ്ട് അടിമത്തവും ദാരിദ്ര്യവും അവസാനിക്കുകയില്ല. പരമ്പരയാ നിങ്ങളുടെ പൂർവികന്മാർ അങ്ങനെ ചെയ്തു വന്നിരുന്നു. പക്ഷെ നിങ്ങളുടെ നരക ജീവിതത്തിനു യാതൊരു മാററവും അതുകൊണ്ടുണ്ടായിട്ടില്ല. മണ്ണടിഞ്ഞ പിതാമഹന്മാരെപ്പോലെ നിങ്ങളും പഴന്തുണികൾ കൊണ്ടു നഗ്നത മറയ്ക്കുന്നു. ഉഛിഷ്ടങ്ങൾ ഭുജിച്ചു വിശപ്പടക്കുന്നു. പകർച്ചവ്യാധിക്കിരയായി ചത്തൊടുങ്ങുന്നു. ഉപവാസം, ഉപാസന, പശ്ചാത്താപം മുതലായ മതാനുഷ്ഠാനങ്ങൾ നിങ്ങളെ ഒരിക്കലും പട്ടിണിയിൽ നിന്നു രക്ഷിക്കുകയില്ല.''

അധഃകൃതരോടു പറഞ്ഞ ഈ വാക്കുകളിലൂടെ മനുഷ്യന്റെ ഉള്ളിൽ ഉറങ്ങിക്കിടക്കുന്ന മംഗല മഹാശക്തിയിലും മഹത്വത്തിലും അംബേദ്ക്കർക്കുണ്ടായിരുന്ന അടിയുറച്ച വിശ്വാസം വെളിവാകുന്നു. മനുഷ്യനുണ്ടാകുന്ന എല്ലാ ദുരിതങ്ങൾക്കും കഷ്ടപ്പാടുകൾക്കും വിധിയെ പഴിചാരുന്നതിനെ അദ്ദേഹം നഖശിഖാന്തം എതിർത്തു.

അമേരിക്കയിലെ വിദ്യാഭ്യാസകാലത്താണു തന്റെ മനുഷ്യവർഗ്ഗോദ്ധാരണപ്രവർത്തനങ്ങൾക്ക് പ്രചോദനമരുളിയ ദീപനാളം ജ്വലിച്ചുയർന്നതു്. അമേരിക്കൻ ഭരണഘടനയിലും ബുക്കർ ടി വാഷിംഗ്ടന്റെ സന്ദേശങ്ങളിലും പ്രവർത്തനങ്ങളിലും അംബേദ്ക്കറുടെ ശ്രദ്ധ ഇക്കാലത്തു പതിഞ്ഞിരുന്നു. അമേരിക്കയിലെ നീഗ്രോകളുടെ സ്വാതന്ത്ര്യത്തിനുവേണ്ടി അടരാടിയ ഒരു പോരാളിയായിരുന്നു ബുക്കർ ടി വാഷിംഗ്ടൺ. പിൽ

ക്കാല ജീവിതത്തിൽ ഈ രണ്ടിന്റെയും അഗാധമായ സ്വാധീനം അദ്ദേഹത്തിൽ കാണാമായിരുന്നു.

പാവങ്ങളുടെ പടത്തലവനും ഇൻഡ്യൻഭരണഘടനാശില്പിയുമായ ഡാ: അംബേദ്ക്കർ 1891 ഏപ്രിൽ പതിന്നാലാം തീയതി മഹാരാഷ്ട്രത്തിലെ രത്നഗിരിഡിസ്ട്രിക്ടിലെ അംബവാഡി ഗ്രാമത്തിലാണു ജനിച്ചതു്. അദ്ദേഹത്തിന്റെ പിതാവു രാംജിസത്പാലും മാതാവു ഭീമാഭായിയുമായിരുന്നു. പിതാവു് ഒരു പട്ടാള ഉദ്യോഗസ്ഥനായിരുന്നു. അമ്മതികഞ്ഞ ഈശ്വരഭക്തയും. അഛന്റെ ശിക്ഷണബോധവും അമ്മയുടെ ഭക്തിയും ബാലനിൽ ഗാഢമായ സ്വാധീനം ചെലുത്തിയിരുന്നു.

അധഃകൃതരെന്നു മുദ്രയടിക്കപ്പെട്ട 'മഹർ' സമുദായത്തിലാണു് അംബേദ്ക്കറുടെ ജനനം.

അമേരിക്കയിലെ ജീവിതം അംബേദ്ക്കറെ ഒരു പുതിയ മേഖലയിലെത്തിച്ചു. അവിടത്തെ സമത്വവും സ്വാതന്ത്ര്യവും അദ്ദേഹത്തെ ആകർഷിക്കുക തന്നെ ചെയ്തു. തന്റെ ജീവിതത്തിനു് ഒരു പുതിയ അർത്ഥവ്യാപ്തി വന്നതായി അംബേദ്ക്കർക്കു തോന്നി. അക്കാലത്തു് ഇന്ത്യയിലെ ഒരു സുഹൃത്തിനു് അദ്ദേഹം ഇപ്രകാരമെഴുതി. ''ജന്മം കൊണ്ടു് ആരും അധഃകൃതനാകുന്നില്ല സ്വന്തം വിധിനിർണ്ണയിക്കുവാൻ അധഃകൃതബാലന്മാർക്കു തന്നെ കഴിയും. നമ്മുടെ സമുദായത്തിലുള്ള ബാലികമാരും ബാലന്മാരും കൂടുതൽ കൂടുതൽ വിദ്യാസമ്പന്നരാവണം. വിദ്യാഭ്യാസം കൊണ്ടു മാത്രമേ ജാതിവ്യവസ്ഥയെ എതിർത്തു തോല്പിക്കുവാൻ കഴിയുകയുള്ളു'' ഈ സ്വകാര്യ കത്തിലൂടെ പുറത്തു ചാടിയതു് അംബേദ്ക്കറിലെ വിപ്ലവകാരിയായിരുന്നു.

അമേരിക്കയിൽ ഏററവും ലളിതമായ ജീവിതമാണു് അദ്ദേഹം നയിച്ചതു്. ഏററവും വലിയ യൂണിവേഴ്സിററി ബിരുദം നേടുക മാത്രമല്ല, സയൻസ് പോളിററിക്സ്, എക്കണോമിക്സ്, എന്നീ വിഷയങ്ങളിൽ പാണ്ഡിത്യം നേടുകയും ചെയ്തു. അമേരിക്കയിൽ നിന്നു എം. ഏ.'യും ഡോക്ടറേററും നേടിക്കൊണ്ടു ലണ്ടനിൽ എത്തി, അവിടെ നിന്നു വീണ്ടും ഡോക്ടറേററു നേടി, ബാരിസ്റ്റർ പരീക്ഷയും ജയിച്ചു് ഇൻഡ്യയിൽ മടങ്ങിയെത്തി. നിയമം, സാമ്പത്തികശാസ്ത്രം, തത്വശാസ്ത്രം, എന്നീ വിഷയങ്ങളിൽ അന്നു് അംബേദ്ക്കറെ വെ

ല്ലാൻ ഇന്ത്യയിൽ ആരും തന്നെയുണ്ടായിരുന്നില്ല. അങ്ങനെ അറിവിലും അനുഭവത്തിലും പരിണതപ്രജ്ഞനായിട്ടാണ് അദ്ദേഹം പൊതു ജീവിതത്തിലിറങ്ങിയതു്.

'ബഹിഷ്കൃത ഹിതാകരണിസഭ' എന്ന പേരിൽ അധഃകൃതരുടെ ഉന്നതിക്കായി അദ്ദേഹം ഒരു സംഘടന രൂപവത്കരിച്ചു. 1924–ൽ പൊതു കുളങ്ങളും കിണറുകളും ഉപയോഗിക്കാൻ അധഃകൃതരെ അനുവദിക്കണമെന്നൊരു പ്രമേയം ബോംബേ നിയമസഭ പാസ്സാക്കുകയുണ്ടായി. അധഃകൃതരിൽ പുതിയ ഉണർവ്വും ആവേശവും ദൃശ്യമായി. ഈ അന്തരീക്ഷത്തിലാണ് അംബേദ്കർ തൻെറ പ്രവർത്തനത്തിനു് ആക്കം കൂട്ടിയതു്.

ഇൻഡ്യക്കു ഒരു ഭരണഘടന എഴുതികാണിക്കാൻ 1930 നവംബർ 12–ാംതീയതി ലണ്ടനിൽ വച്ചു കൂടിയ വട്ടമേശസമ്മേളനത്തിൽ അംബേദ്കർ ക്ഷണിക്കപ്പെട്ടു. ഭരണഘടനയിൽ കൂടി അധഃകൃതരുടെ അവകാശങ്ങൾ സ്ഥാപിച്ചെടുത്തെങ്കിൽ മാത്രമേ അതിനു ശാശ്വതികത്വം ലഭിക്കു എന്നറിയാമായിരുന്ന അംബേദ്കർക്കു ഈ ക്ഷണം ആശ്വാസമായി തോന്നി. കാൺഗ്രസ് പാർട്ടി ഈ വട്ടമേശസമ്മേളനം ബഹിഷ്കരിച്ചു.

വട്ടമേശസമ്മേളനത്തിൽ അംബേദ്കർ ചെയ്ത പ്രസംഗത്തിൽ അധഃകൃതരുടെ ദയനീയസ്ഥിതി വ്യക്തമാക്കപ്പെട്ടു. ''ബ്രിട്ടീഷുഭരണം വന്നിട്ടും അയിത്തജാതിക്കാരുടെ ദുരിതങ്ങൾക്കറുതി വന്നോ? പൊതുകിണറുകളിനിന്നു പോലും വെള്ളമെടുക്കാൻ ഞങ്ങൾക്കവകാശമുണ്ടോ? പോലീസിലും പട്ടാളത്തിലും ഞങ്ങളെ ചേർക്കുന്നുണ്ടോ?'' എന്നായിരുന്നു അംബേദ്കറുടെ ചോദ്യം. ബ്രിട്ടീഷ്ഭരണത്തിനു തങ്ങളുടെ ജീവിതത്തിൽ യാതൊരു മാററവും വരുത്താൻ കഴിഞ്ഞില്ലെന്നു് അദ്ദേഹം പറഞ്ഞു. ബ്രിട്ടീഷുകാരുടെ നാട്ടിൽ വെച്ചു് അവരെ അംബേദ്കർ ധീരമായിത്തന്നെ വിമർശിച്ചു. ഈ വട്ടമേശസമ്മേളനമാകട്ടെ യാതൊരു തീരുമാനവുമെടുക്കാതെ അലസിപ്പിരിഞ്ഞു.

രണ്ടാം വട്ടമേശസമ്മേളനം അധികം താമസിയാതെ കൂടുകയുണ്ടായി. നിർണ്ണായകമായ പല കാര്യങ്ങളും അതിൽ ചർച്ച ചെയ്തു. ഇവിടെ വച്ചു് അംബേദ്കറും ഗാന്ധിജിയും തമ്മിൽ അഭിപ്രായവ്യത്യാസമുണ്ടായി. അധഃകൃതർക്കു ഭരഘടനയിൽ

പ്രത്യേകം പ്രാതിനിധ്യം വേണമെന്നായിരുന്നു അംബേദ്കറുടെ അഭിപ്രായം. അതിനായി അദ്ദേഹം വീറോടെ വാദിച്ചു. ഗാന്ധിജിയാകട്ടെ അധഃകൃതർക്കു പ്രത്യേകം പരിഗണനനൽകുന്നതിനെ എതിർത്തു. അംബേദ്ക്കർ പറഞ്ഞു ''അധഃകൃതർക്കു പ്രത്യേക നിയോജകമണ്ഡലങ്ങളോ സംവരണസീററുകളോ ഉൾക്കൊള്ളാത്ത ഭരണഘടന അയിത്തജാതിക്കാർക്കു സ്വീകാര്യമായിരിക്കുകയില്ല.'' ന്യൂനപക്ഷപ്രാതിനിധ്യം സംബന്ധിച്ചു അവസാനതീരുമാനത്തിലെത്താൻ സമ്മേളനത്തിനു സാധിച്ചില്ല. ഇതേത്തുടർന്നു ഹൗസ് ഓഫ് കോമൺസിൽ ഇതേക്കുറിച്ച് ഒരു വാദപ്രതിവാദം നടന്നു. മി: ഐസക്ഫുട്ടിനെപോലുള്ളവർ അധഃകൃത വർഗ്ഗത്തിനുവേണ്ടി വാദിക്കുകയും അംബേദ്ക്കറുടെ അഭിപ്രായം ശരിവയ്ക്കുകയും ചെയ്തു. അംബേദ്ക്കർ ലണ്ടനിൽ നിന്നു തിരിച്ചെത്തുന്നതിനു മുൻപുതന്നെ ബ്രിട്ടീഷ് പ്രധാനമന്ത്രിയുടെ തീരുമാനം പ്രഖ്യാപിക്കപ്പെട്ടു. ഇതനുസരിച്ച് അയിത്തജാതിക്കാർക്കു നിയമസഭകളിൽ പ്രത്യേക സീററും വോട്ടവകാശവും അനുവദിച്ചു

1947 ആഗസ്റ്റ് 29-ാം തീയതി ഭരണഘടനയുടെ ഒരു കരട് തയ്യാറാക്കാൻ കാൺസ്റ്റിററുവെൻറ് അസംബ്ളി നിയമിച്ച കമ്മിററിയുടെ ചെയർമാൻ അംബേദ്ക്കറായിരുന്നു. ഏഴ് അംഗങ്ങളുള്ള ഈ കമ്മിററിയിൽ ഭരണഘടനയുടെ ഡ്രാഫ്ററ് തയ്യാറാക്കുന്ന ചുമതല അംബേദ്ക്കറിലായിരുന്നു നിക്ഷിപ്തമായിരുന്നതു്. 1948 ഫെബ്രുവരിയിൽ ഭരണഘടനയുടെ ഡ്രാഫ്ററ് തയ്യാറായി. 315 വകുപ്പുകളും 8 ഷെഡ്യൂളുകളുമുള്ള ഭരണഘടന അംബേദ്ക്കറുടെ അഗാധമായ നിയമപാണ്ഡിത്യത്തിനുള്ള നിദർശനമായിരുന്നു. അവശസമുദായങ്ങളുടെ അവകാശങ്ങൾ പരിരക്ഷിക്കുന്നതിനു ഭരണഘടനയിൽ നിരവധി വകുപ്പുകളുണ്ടായിരുന്നു. ഭരണഘടനയെ വിശകലനം ചെയ്തുകൊണ്ടു് അസംബ്ളിയിൽ അംബേദ്ക്കർ ചെയ്ത സുദീർഘമായ പ്രസംഗം ചരിത്രം സൃഷ്ടിക്കുന്ന ഒന്നായിരുന്നു. 1949 നവംബറിൽ ഇൻഡ്യൻ ഭരണഘടന കാൺസ്റ്റിററുവെൻറ് അസംബ്ളി അംഗീകരിച്ചു. അതോടെ ലോകചരിത്രത്തിൽ അംബേദ്ക്കർ സ്ഥിരപ്രതിഷ്ഠ നേടുകയും ചെയ്തു.

1951 ഫെബ്രുവരിമാസത്തിൽ ഹിന്ദുകോഡ്ബിൽ പാർലമെൻറിന്റെ പരിഗണനയ്ക്കു വന്നു. ബില്ലിൽ താൻ വിഭാ

വനം ചെയ്ത പല കാര്യങ്ങൾക്കും ശക്തിയായ എതിർപ്പനുഭവപ്പെട്ടതിൽ പ്രതിഷേധിച്ച് അദ്ദേഹം മന്ത്രിസഭയിൽ നിന്നു രാജിവച്ചു. അതിനെ വിശദീകരിച്ചുകൊണ്ടു പ്രധാനമന്ത്രിക്ക് ഇപ്രകാരമെഴുതി.

''വളരെക്കാലമായി മന്ത്രിസ്ഥാനം രാജിവയ്ക്കണമെന്നു ഞാൻ ആലോചിക്കുന്നു. ഹിന്ദുകോഡ്ബില്ലിനു് അംഗീകാരം ലഭിക്കുമെന്നു കരുതിയാണു ഞാൻ ഇത്രനാളും തുടന്നതു്. എന്നാൽ ബില്ലു കുരുതി ചെയ്യപ്പെട്ട നിലയ്ക്കു് ഇനി മന്ത്രിയായി തുടരുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല.''

ഓരോ സംഭവവും മനുഷ്യന്റെ പ്രവൃത്തിയിൽ നിന്നാണുടലെടുക്കുന്നതു്. അഥവാ പ്രകൃതിശക്തിയുടെ പ്രവർത്തനവുമാകാം. യാതൊരു സംഭവവും പ്രകൃത്യതീതമല്ല. ഒരുപക്ഷേ കാരണം കണ്ടുപിടിക്കാൻ മനുഷ്യനു കഴിഞ്ഞില്ലെന്നു വരാം. എന്നാൽ ഒരിക്കൽ അതു കണ്ടുപിടിക്കാൻ ബുദ്ധിമാനായ മനുഷ്യനു കഴിയും.'' മനുഷ്യനിൽ വിശ്വാസമർപ്പിക്കുന്ന അംബേദ്ക്കർ, തന്റെ ലക്ഷ്യങ്ങൾ മൂന്നാണെന്നു പ്രഖ്യാപിക്കുന്നു.

ഒന്നു്, മനുഷ്യനെ സ്വതന്ത്രചിന്തയുടെ പാതയിലേയ്ക്കു നയിക്കുക.

രണ്ടു്, സത്യം കണ്ടെത്താൻ അവനെ അനുവദിക്കുക.

മൂന്നു്, അന്വേഷണബുദ്ധിയെ നശിപ്പിക്കുന്ന അന്ധവിശ്വാസങ്ങളുടെ ഉറവിടങ്ങൾ തകർക്കുക.

മനുഷ്യസമൂഹത്തിന്റെ മോചനത്തിനു് ഈ മൂന്നു നിർദ്ദേശങ്ങളും വിലപ്പെട്ടവ തന്നെയാണു്.

ജനാധിപത്യത്തെ അടിസ്ഥാനപ്രമാണമാക്കി അധഃസ്ഥിത ജനവിഭാഗത്തിന്റെ ക്ഷേമവും ദേശീയൈക്യവും എങ്ങനെ കൈവരിക്കാമെന്നതാണു് അംബേദ്ക്കറുടെ രാഷ്ട്രീയചിന്തയുടെ കാതൽ. കാലഘട്ടത്തിന്റെ ആവശ്യങ്ങൾ അദ്ദേഹത്തിന്റെ ദർശനത്തിൽ കാണാം.

സമൂഹത്തെക്കുറിച്ചുള്ള അംബേദ്ക്കറുടെ ചിന്തയെത്തുന്നതു മതത്തിലാണു്. 1956 ഒക്ടോബർ 14-ാം തീയതി അഞ്ചു ലക്ഷത്തോളം വരുന്ന അനുയായികളോടുകൂടി അംബേദ്കർ ബുദ്ധമതം സ്വീകരിച്ചു. അദ്ദേഹം ബുദ്ധമതം സ്വീകരിച്ചതിന്റെ പിന്നിൽ ദീർഘകാലത്തെ ചിന്തയുടേയും പഠനത്തിന്റേയും ചരിത്രമാണുള്ളതു്.

വ്യക്തിസ്വാതന്ത്ര്യത്തിനു യാതൊരു പരിഗണനയുമില്ലാത്തതും ധാമ്മികമൂല്യങ്ങളെ പരിഹസിച്ചു തള്ളുന്നതുമായ ശാസ്ത്രീയ സോഷ്യലിസത്തിന്റെ നിലനില്പിൽ അംബേദ്ക്കർക്കു വിശ്വാസമില്ല. വൈരുദ്ധ്യാത്മികഭൗതികവാദവും ചരിത്രത്തിന്റെ നിർണ്ണായകശക്തി സമ്പത്താണെന്ന വാദവും ഭാഗികമായ സത്യം മാത്രമാണെന്നു് അദ്ദേഹം പ്രഖ്യാപിക്കുന്നു. ശക്തിപ്രയോഗവും സർവ്വാധിപത്യവും മനുഷ്യന്റെ ആത്മീയഭാവങ്ങളെ കീഴടക്കുന്നു. സ്നേഹത്തിലും ധാമ്മികമൂല്യങ്ങളിലും അധിഷ്ഠിതമായ സമൂഹം മാത്രമേ നിലനിൽക്കുകയുള്ളൂ. മതം പ്രദാനം ചെയ്യുന്ന ധാമ്മികമൂല്യങ്ങളും ഏകീകരണശക്തിയും ആധുനികസമൂഹത്തിനു് ഉപേക്ഷിക്കാനാവുകയില്ലെന്ന വസ്തുത അംബേദ്ക്കർ അംഗീകരിച്ചിരുന്നു. അതുകൊണ്ടാണു മതത്തിനു തന്റെ സാമൂഹ്യപദ്ധതിയിൽ സ്ഥാനം നൽകിയതു്.

''ഭരണഘടനയുടെ ശില്പിയും ഇന്ത്യയിലെ പ്രമുഖ പൗരനും വലിയൊരു സാമൂഹ്യപരിഷ്കർത്താവും മനുഷ്യാവകാശത്തിന്റെ സമുദ്ധാരകനു''മെന്നു കൊളംബിയാ യൂണിവേഴ്സിററിയുടെ പ്രശംസയ്ക്കു പാത്രമായ അംബേദ്ക്കർ 1956 ഡിസംബർ 5–ാം തീയതി ദിവംഗതനായി.


'Greetings'

With the best compliments from:-

ഒരു മതമാകുവതിന്നുരപ്പതെല്ലാ—
വരുമിതു വാദികളാതമോർക്കുവീല;
പരമതവാദമൊഴിഞ്ഞ പണ്ഡിതൻമാ—
രറിയുമിതിന്റെ രഹസ്യമിങ്ങശേഷം.

**SPACE DONATED BY:**

**ഭിഷക്ക്**

**ഊന്നിൻമൂട്, കൊല്ലം ജില്ല**

Pin: 691302

# എന്താണ് സാഹിത്യം?

## വാടയിൽ സദാശിവൻ

പലപ്പോഴും മനസ്സിൽ പൊന്തിവരുന്ന ഒരു ചോദ്യമുണ്ട്, എന്താണു സാഹിത്യം?

ധിഷണാപരമായ ജീവിതത്തിൻെറ സാരസർവ്വസ്വമാണു സാഹിത്യം.

ആരാണു സാഹിത്യകാരൻ?

സാഹിത്യസൃഷ്ടി ചെയ്യുന്നവനാണു സാഹിത്യകാരൻ.

വയറിന്ന് ആഹാരമെന്നപോലെ മനസ്സിന്നു ചിന്തിക്കുവാനും ആസ്വദിക്കാനുമുള്ള വിഷയവും ആവശ്യമാണ്. അതുകൊണ്ടു് അറിവുനേടാനുള്ള ആഗ്രഹം അവനിൽ നാമ്പിട്ടുനിൽക്കുന്നു. വായിച്ചു രസിക്കുവാനുള്ള അഭിനിവേശം മനുഷ്യനുണ്ട്. ആ അഭിനിവേശത്തെ സംതൃപ്തമാക്കാൻ കഴിയുന്ന മഹത്തായ സൃഷ്ടികളുണ്ടു്. അതിനെ സാഹിത്യസൃഷ്ടികൾ എന്നു വിളിക്കാം, സംഗീതവും സാഹിത്യവും മനസ്സിന്നു സന്തോഷം പ്രദാനംചെയ്യുന്ന രണ്ടു ഘടകങ്ങളാണ്.

വിദ്യാദേവതയായ സരസ്വതിയുടെ രണ്ടു സ്തനങ്ങളായി സംഗീതത്തെയും സാഹിത്യത്തെയും സങ്കല്പിച്ചു പോരുന്നു.

ഒന്ന് ആപാദമധുരമാണെങ്കിൽ മറേറതു് ആലോചനാമൃതമാണ്. ആഴത്തിലുള്ള വായനകൊണ്ടും കഠിനമായ ചിന്തകൊണ്ടും പുത്തൻ ആശയങ്ങൾ രൂപംകൊള്ളുന്നു. ആ ആശയങ്ങൾക്കു രൂപവും ഭാവവും നൽകാൻ കഴിയുന്നവനാണു സാഹിത്യകാരൻ.

ഭാവനിർഭരമായ അനുഭവമാണു സാഹിത്യം.

സാഹിത്യകാരൻ ഭാവനാസമ്പന്നനാണ്.

ഭാവന രണ്ടു രീതിയിലാണ്.

ഒന്ന് കേവലഭാവന

രണ്ടു് ആപേക്ഷികഭാവന

ഭാവനമാത്രം മതിയോ സാഹിത്യസൃഷ്ടിയ്ക്കു്?

അനുഭവസമ്പത്തു വേണം.

ആശയം വേണം

ഭാഷ വേണം

അവതരണഭംഗി വേണം.

മനുഷ്യമനസ്സിൽ കിടന്നു ചൂടുപിടിക്കുന്ന ആശയങ്ങൾ വായനക്കാരനു മനസ്സിലാകുന്ന ഭാഷയിലൂടെ നല്ല രീതിയിൽ അവതരിപ്പിക്കുന്നവനാണു സാഹിത്യകാരൻ. ഒരു കൃതി വായിക്കുമ്പോൾ വായനക്കാരന്റെ ഹൃദയത്തിൽ അനുരണനം സൃഷ്ടിക്കുവാൻ കെൽപ്പുള്ളവനാരോ അവനാണു യഥാർത്ഥ സാഹിത്യകാരൻ.

ജീവിതത്തിന്റെ കണ്ണാടിയാണു സാഹിത്യം.

സമുദായത്തിൽ മാറിക്കൊണ്ടിരിക്കുന്ന ജീവിതങ്ങളുടെ പ്രതിഫലനമാണു സാഹിത്യം.

സാഹിത്യത്തിനു ധാരാളം ധർമ്മങ്ങളുണ്ട്.

ആഗ്രഹങ്ങൾ, അഭിപ്രായങ്ങൾ, ആശകൾ, നിരാശകൾ, പ്രകാശങ്ങൾ, മങ്ങലുകൾ, ദുഃഖങ്ങൾ, ആദർശങ്ങൾ, മോഹഭംഗങ്ങൾ, വൈരാഗ്യം എന്നിവയെല്ലാം പ്രദർശിപ്പിക്കാം.

അനുവാചകലോകത്തെ അത്യുന്നതങ്ങളായ അനുഭൂതികളിലും അഖിഷ്ടങ്ങളിലുംകൂടി ആനന്ദത്തെ സൃഷ്ടിക്കുവാൻ കഴിയുന്നു. അതു സാഹിത്യത്തിനു മാത്രമേ കഴിയൂ.

സാഹിത്യകാരന്റെ ഉത്തരവാദിത്വവും ചുമതലയും ഏറെ വലുതാണ്. സമൂഹത്തിൽ കാണുന്ന ദുഷിച്ചുനാറിയ പ്രവണതകളെ കണ്ടിട്ട് അന്തർമുഖനായിരിക്കുവാൻ യഥാർത്ഥ സാഹിത്യകാരനു കഴിയുകയില്ല. സാഹിത്യത്തിന്റെ സൈദ്ധാന്തികവും പ്രായോഗികവുമായ വശങ്ങളെപ്പററി പഠിക്കാനും വിലയിരുത്താനും എഴുത്തുകാരനു സാധിക്കണം.

കുത്തഴിഞ്ഞുകിടക്കുന്ന സാമൂഹിക ജീവിതത്തിനു പുരോഗമനപരമായ കാഴ്ചപ്പാടു നൽകാൻ സാഹിത്യകാരനു കഴിയണം. ലോകചരിത്രം പരിശോധിച്ചാൽ പുതിയ സംസ്കാരത്തിനു ശോഭ വർദ്ധിപ്പിച്ചിട്ടുള്ളതു സാഹിത്യകാരന്മാരാണെന്നു കാണാം. സംസ്കാരത്തിന്റെ ബാരോമീററാണു സാഹിത്യമെന്നു കിഷൻചന്ദർ ഒരിക്കൽ അഭിപ്രായപ്പെട്ടിട്ടുണ്ട്. തികഞ്ഞ വാസനയോടും വിളഞ്ഞ പാണ്ഡിത്യത്തോടും സൃഷ്ടി നടത്തു

ന്നവനാണു സാഹിത്യകാരൻ. ബൃഹത്തും മഹത്തുമായ ഭാവതലങ്ങളിലൂടെ അൻവാചകരെ ആന്ദോളനം ചെയ്യിക്കുവാൻ പ്രാപ്തിയുള്ളവനാണു സാഹിത്യകാരൻ.

വ്യാസനെപ്പോലെ ഒരു സാഹിത്യകാരനെ ലോകം ഇന്നുവരെ കണ്ടിട്ടില്ല. വ്യാസൻ പറഞ്ഞിട്ടുള്ളതു ശ്രദ്ധിക്കാം.

''ഞാൻ മഹാഭാരതത്തിൽ വർണ്ണിച്ചിട്ടുള്ളതു് എല്ലായിടത്തുമുണ്ടു്. അവിടെ വർണ്ണിച്ചിട്ടില്ലാത്തതു ലോകത്തു് ഒരിടത്തും വർണ്ണിക്കാൻ സാദ്ധ്യമല്ല.'' (ശ്രീ ചൈതന്യചരിതാവലി ഒന്നാംഭാഗം. പേജ്. 4. വിവർത്തകൻ. വി. രാമകുമാർ) സൃഷ്ടികർത്താവിനെ ബ്രഹ്മാവു് എന്നു വിളിക്കുന്നു. സാഹിത്യസൃഷ്ടി ചെയ്യുന്നവനും അതുപോലെതന്നെയാണു്.

ശോകം ജീവിതത്തിന്റെ നിത്യസത്യമാണെന്നു കൃതികളിലൂടെ വ്യക്തമാക്കുന്നവനാണു സാഹിത്യകാരൻ.

സാഹിത്യത്തെ വാത്സല്യനിധിയായ മാതാവായി പരിഗണിക്കാമെങ്കിൽ കവിത, നാടകം, നോവൽ, ചെറുകഥ, ജീവചരിത്രം, യാത്രാവിവരണം, നിരൂപണം തുടങ്ങിയവ അവയുടെ അരുമസന്താനങ്ങളാണു്.

''നാ ഋഷിഃ കവിഃ'' ഋഷിയല്ലാത്തവൻ കവിയല്ല. വാസനാസമ്പന്നനായ കവി എവിടെ 'കിടന്നാലും'' കാവ്യമെഴുതും. അനുഗ്രഹീതനു് അങ്ങനെ എഴുതിയേ പററൂ. അനുഗ്രഹീതൻ എന്നാൽ സിദ്ധിയും സാധനയും ലഭിച്ചവൻ.

ജയിൽവാസത്തിനിടയിൽ എഴുതാനുള്ള പേപ്പർ പോലും ലഭ്യമല്ലാതിരുന്നതുകൊണ്ടു 'ടോയിലററു പേപ്പറി'ൽ കാവ്യ പരിഭാഷ നടത്തിയ—യുഗോസ്ലേവിയൻ കവിയാണു ''ജിലാസ് ജോൺ''. മിൽട്ടന്റെ 'പാരഡൈസ് ലോസ്റ്റു'' എന്ന വിശ്രുത കാവ്യത്തിന്റെ പരിഭാഷയാണു് അദ്ദേഹം നടത്തിയതു്. അവിടെയാണു് യഥാർത്ഥ കവിയെ നാം കാണുന്നതു്. ഹൃദയത്തിൽ പൊന്തിവരുന്ന കവിത; അതു സർവ്വർക്കും ഇഷ്ടപ്പെട്ടതായിരിക്കും. അമ്മാതിരിയുള്ള സാഹിത്യസൃഷ്ടികളിൽ ശാശ്വതമായ മൂല്യമുണ്ടു്. അവയ്ക്കു ശാശ്വതമായ സ്ഥാനമുണ്ടു്. തലമുറകൾ പിന്നിട്ടാലും അമ്മാതിരി സാഹിത്യസൃഷ്ടികളുടെ സൗന്ദര്യം വർദ്ധിക്കുന്നതേയുള്ളൂ. ''കലകളിൽ ഏററവും പ്രധാനപ്പെട്ടതു നാടകമാണെ''ന്നു് അരിസ്റ്റോട്ടിൽ അഭിപ്രായപ്പെട്ടിട്ടുണ്ടു്. അരിസ്റ്റോട്ടിലിന്റെ അഭിപ്രായം സത്യവും യഥാ

ത്ഥ്യവുമാണെന്നു് ഇന്നുവരെയുള്ള നാടകത്തിൻെറ ചരിത്രവും പരീക്ഷണങ്ങളും നിരീക്ഷണങ്ങളും തെളിയിക്കുന്നു.

ജീവിതം നാടകമാണു്. അതു മനസ്സിലാക്കിക്കൊണ്ടാണു ശ്രീനാരായണഗുരുദേവൻ ''അഹോ നാടകം നിഖിലവും'' എന്നു പാടിയതു്. വാസന നാടകരചനയ്ക്കും അഭിനയത്തിനും അത്യാവശ്യമാണു്. അതുകൊണ്ടാണല്ലോ 'നാടകാന്തം കവിത്വം' എന്നു് ആചാര്യന്മാർ പാടിയതു്. ഒരു ചെറുകഥ വായിച്ചു തീരുമ്പോഴും അതിനു ജീവിതഗന്ധമുണ്ടെങ്കിൽ സൗന്ദര്യബോധമുണ്ടെങ്കിൽ അതു വായനക്കാരൻെറ മനസ്സിൽ തങ്ങിനില്ക്കും. വായനക്കാരൻെറ മനോമണ്ഡലത്തിൽ കഥയുടെ മർമ്മം തറപ്പിച്ചു നിറുത്താൻ കഴിവുള്ളവനാരോ അവനാണു യഥാർത്ഥ കഥാകൃത്തു്. ചെറുകഥയ്ക്കു രൂപവും ഭാവവും നല്കിയ മോപ്പസാങ്ങിനെയും മററും സ്മരിക്കാതിരിക്കാൻ നിർവ്വാഹമില്ല. ജീവിതത്തിൻെറ സങ്കീർണ്ണമായ സ്വഭാവത്തെ ചിത്രീകരിക്കുന്നതാണു നോവൽ. നോവലിൽ എന്തും കുത്തിനിറയ്ക്കുവാൻ കഴിയും. റബ്ബർ പോലെ വലിച്ചു നീട്ടാൻ കഴിയും. യഥാർത്ഥ ജീവിതം പ്രതിഫലിപ്പിക്കുന്നതു കൊണ്ടാവാം പല നോവലുകളുടെയും ശോഭ മങ്ങാതെ നില്ക്കുന്നതു്. നോവലിൽ ജീവിതത്തിൻെറ നിറവും മണവും കയ്പും മധുരിപ്പും സുഗന്ധവും ദുർഗന്ധവും ഉണ്ടായിരിക്കും. ജീവിതഗന്ധിയായ അനുഭവങ്ങളെ സൗന്ദര്യത്തോടു കൂടി വരച്ചുകാട്ടാൻ ആർക്കു സാധിക്കുന്നുവോ —അവിടെ ആ നോവൽ രചയിതാവു വിജയം വരിക്കുന്നു. സാഹിത്യസൃഷ്ടി നടത്തുന്നയാളും ആസ്വാദകനും തമ്മിൽ അഭേദ്യമായ ബന്ധമുണ്ടു്. സൃഷ്ടികർത്താവു കാണാത്ത അർത്ഥതലങ്ങൾ വായനക്കാരൻ കണ്ടെന്നുവരാം. നിരൂപകന്മാർക്കു ഒരു ഗ്രന്ഥത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന ആശയത്തെ, അവതരണഭംഗിയെ, ആ ഗ്രന്ഥത്തിലെ ഭാഷയെ എത്ര കണ്ടു പ്രശംസിക്കാനും എത്ര കണ്ടു് ഇടിച്ചുതാഴ്ത്താനും കഴിഞ്ഞെന്നുവരാം. സാഹിത്യത്തിൻെറ പ്രഥമവും പ്രധാനവുമായ ലക്ഷ്യം സാംസ്കാരിക നവോത്ഥാനമാണു്. ലേഖനങ്ങൾ തയ്യാറാക്കുന്നതിലും സൗന്ദര്യം തുളുമ്പി നിൽക്കണം. ആശയം—അവ അടുക്കി അടുക്കി വയ്ക്കണം. ഓരോ ഖണ്ഡികയിലും കഴിയുന്നതും ഒരു ആശയത്തെ മാത്രം ഒതുക്കി നിറുത്തുക. ഇ. എം. ഫോർസ്റ്ററുടെ ലേഖനങ്ങൾ മനോഹരങ്ങളാണു്. അവയിൽ ആശയസമ്പുഷ്ടത കാണാൻ കഴിയും. അദ്ദേഹത്തി

ൻെറ ലേഖനങ്ങൾ വായിക്കുമ്പോൾ ഒരു സുഖം വായനക്കാരനു തോന്നും. അമ്മാതിരി സുഖം ജനിപ്പിക്കുവാൻ കഴിവും മിഴിവും ഉള്ള സാഹിത്യകാരന്മാർക്കേ കഴിയൂ. മാനവസംസ്കാരത്തിൻെറ മുതൽക്കൂട്ടാണു സാഹിത്യം. ഭാരതീയ സാഹിത്യം വൈദിക സാഹിത്യത്തിൽ അടിസ്ഥാനമായിട്ടുള്ളതാണു്. വേദങ്ങൾ, ബ്രാഹ്മണങ്ങൾ, ആരണ്യങ്ങൾ, ഉപനിഷത്തുകൾ ഇവ നാലും ചേർന്നതാണു വൈദിക സാഹിത്യം. റോമൻ സാഹിത്യം ആദ്യകാലങ്ങളിൽ നൈതികമായ ഒരു കേന്ദ്രത്തെ—അഭിമുഖീകരിച്ചായിരുന്നു വളർന്നതു്. ഗ്രീക്കുകാർ സൗന്ദര്യപ്രകാശത്തിനും കായികബലത്തിനും പ്രാധാന്യം കല്പിച്ച സൃഷ്ടികൾ ആദ്യകാലങ്ങളിൽ നടത്തിയിരുന്നു. ഏതെല്ലാം ഭാഷയിൽ സാഹിത്യസൃഷ്ടി നടന്നിട്ടുണ്ടോ അതെല്ലാമെടുത്തു പരിശോധിച്ചാൽ ഒരു സത്യം വെളിപ്പെടും. മനുഷ്യമനസ്സുകൾക്കു് ആനന്ദം പകരുക, ചിന്തിപ്പിക്കുക, അവരെ കർമ്മനിരതരാക്കുക,—ഈ സാമാന്യ തത്വം ലോകസാഹിത്യത്തിൽ മുഴച്ചുനിൽക്കുന്നുണ്ടു്. എന്താണു സാഹിത്യം എന്നതിനു മഹാകവി കുമാരനാശാൻ അഭിപ്രായപ്പെട്ടതുകൂടി പരിശോധിക്കാം.

''മനുഷ്യവർഗ്ഗത്തിനു് ഇന്നുവരെയുള്ള സമ്പാദ്യങ്ങളിൽ ഏററവും വിലയേറിയതു് അതിൻെറ സാഹിത്യമാണു്. സാഹിത്യമില്ലായിരുന്നുവെങ്കിൽ ജീവിതം എത്ര നീരസ്സവും നിഷ്പ്രയോജനവും ദുസ്സഹവുമായിരിക്കുമെന്നു് അല്പം ആലോചിച്ചാൽ ആർക്കുമറിയാം.

ബുദ്ധിമാനും സഹൃദയനുമായ മനുഷ്യനു് ഏതു കാലഘട്ടത്തിലും സാഹിത്യത്തിലുള്ള ആദരവും അനുരാഗവും കുറയുവാൻ തരമില്ല. അന്തഃകരണമുള്ള കാലംവരെ സാഹിത്യം അവരെ ആനന്ദിപ്പിക്കുകയും ആശ്വസിപ്പിക്കുകയും ചെയ്യാതിരിക്കയില്ല'' ആത്മാനന്ദത്തിൻെറ സർഗ്ഗവ്യാപാരത്തിനു ഉൽകൃഷ്ടമായ സൃഷ്ടികർമ്മത്തിൽ സാഹിത്യകാരൻ അഹത്തിൻെറ പിടിയിലല്ല. ആ ശുഭ മുഹൂർത്തത്തിൽ സാഹിത്യകാരൻ അഹം മുക്തനായി ഉണ്മയുടെ ആഴത്തിലേക്കു പോകുന്നു. ഏകതാനമായ ഉൾക്കാഴ്ചയാണു്. സാഹിത്യകാരനു് ഉൾക്കാഴ്ചയുള്ളതുകൊണ്ടാണു നാം കാണാത്തതു കാണുന്നതും നാം അനുഭവിക്കാത്തതു് അനുഭവിക്കുന്നതും. അതുകൊണ്ടാണു സാഹിത്യകാരൻ അനശ്വരനായി നിലകൊള്ളുന്നതു്.

*With the best Compliments from:-*

# GAAYATHRI

DESIGNERS DECORATORS FURNISHERS

Dealers in Foam Mattress
Cushions, Pillows & Carpets

144, Greams Road,
Madras-600 008.

Phone: 477408

---

*With the best Compliments from:-*

# GAYATHRI FINANCE PVT. LTD.

15, Norh Street, V. P. Colony

Ayanavaram, Madras-600 023.

Phone: 611046

ആശംസകൾ!

**കായത്തിരുമേനി എണ്ണ**

എണ്ണകൾ ഒന്നും പിടിക്കാത്തവർക്കും കണ്ഠത്തിനു മേലുണ്ടാകുന്ന എല്ലാ രോഗങ്ങൾക്കും തലയിൽ തേച്ചു കുളിക്കുന്നതിനു് ഏററവും ഉത്തമം.

നിർമ്മാതാക്കൾ:

**S.K.V. ആയുർവ്വേദ വൈദ്യശാല**

**ആററിങ്ങൽ** Pin: 695 101

പ്രൊ: എൻ. ശ്രീധരൻവൈദ്യൻ. ഫോൺ 472

---

ആശംസകൾ!

**ജോഷി സാമിൽസ്**

**പുത്തൻചന്ത, വർക്കല.**

മേൽത്തരം ഉരുളൻ തടികളും, ഉരുപ്പടി സാധനങ്ങളും മിതമായ വിലയ്ക്കു ലഭിക്കുന്നു.

എല്ലാവിധ മരഉരുപ്പടികൾക്കും ഓർമ്മിക്കുക!

**ജോഷി സാമിൽസ്**, പുത്തൻചന്ത വർക്കല.

PIN. 695141 Phone: 2346

Prop: ആർ. ചന്ദ്രഹാസൻ

---

HIRE PURCHASE

തുച്ഛമായ മുതൽ മുടക്കിൽ സെക്കൻഡ്ഹാൻഡ് മാരുതി കാർ വാങ്ങുവാനാഗ്രഹിക്കുന്നവർക്കു ഞങ്ങളുടെ ഹയർ പർച്ചേസ് സ്കീമനുസരിച്ച് അവ സ്വന്തമാക്കാം. ഡാക്ടേഴ്സ്, എൻജിനീയേഴ്സ്, കോളേജ് ലക്ചറേഴ്സ്, ബാങ്ക്–ഗവൺമെൻറ് ഉദ്യോഗസ്ഥന്മാർ എന്നിവർക്കു സ്വന്തം ജാമ്യത്തിൽ മിതമായ പലിശയും വ്യവസ്ഥയുമനുസരിച്ചു പ്രതിമാസം Rs 1250/–, നും Rs 1750/–നും മദ്ധ്യേ അടവിൽ ഹയർ പർച്ചേസ് ലഭിക്കുന്നതാണ്.

Hero Honda, Yomaha Rx 100, Kinetic Honda, Enfield 350, L. M.L (vespa) എന്നീ ബ്രാൻഡ് ന്യൂ ടൂവീലേഴ്സിനും ഹയർ പർച്ചേസ് ലഭിക്കുന്നതാണ്.

ASIAN INTEGRATED HIRE PURCHASE & LEASING COMPANY (Regd),

Business Buildings, 1st Floor, P. B. No: 225
Beach Road, Kollam—691001
Grams: ASIAN,: Tel: 75787

# വാർത്തകൾ

## ശ്രീനാരായണ ധർമ്മസംഘം ട്രസ്ററ്
## ഗുരുധർമ്മ പ്രചരണ സഭ

ചിത്രാ പൗർണ്ണമിയോടനുബന്ധിച്ച് വർഷംതോറും ശിവഗിരി മഠത്തിൽ നടത്തിവരാറുള്ള ശ്രീനാരായണ ധർമ്മമീമാംസാ പരിഷത്ത് ഏപ്രിൽ 26, 27, 28 തീയതികളിൽ നടത്തുവാൻ ഗുരുധർമ്മ പ്രചരണസഭ കേന്ദ്ര നിർവാഹക സമിതിയോഗം തീരുമാനിച്ചു. പരിഷത്തിനോടനുബന്ധിച്ച് ധ്യാനപരിശീലന ക്ലാസ്സ്, ഗുരുദേവകൃതികളെ ആസ്പദമാക്കിയുള്ള പഠനക്ലാസ്സുകൾ, മദ്യനിരോധന സമ്മേളനം, മതസൗഹാർദ്ദ സമ്മേളനം, ബ്രഹ്മവിദ്യാർത്ഥി സമ്മേളനം, സർവമത രവിവാര പാഠശാലയിലെ കുട്ടികൾക്കുവേണ്ടിയുള്ള മത്സര പരീക്ഷ, ഗുരുധർമ്മ പ്രചരണസഭയുടെ വാർഷിക സമ്മേളനം ഇവ സംഘടിപ്പിക്കുന്നതാണ്. ശിവഗിരി പരിഷത്തിനു മുന്നോടിയായി സഭയുടെ എല്ലാ യൂണിററുകളിലും താലൂക്ക്, ജില്ലാകേന്ദ്രങ്ങളിലും ഏകദിന പരിഷത്തു സംഘടിപ്പിക്കുവാനും നിശ്ചയിച്ചിട്ടുണ്ട്.

ഗുരുധർമ്മ പ്രചാരണസഭയുടെ കേന്ദ്ര എക്സിക്യൂട്ടീവ് കമ്മററിയിലേക്കു കെ. ആർ. ദാമോദരൻ, ജി. ശ്രീധരൻ, ഏ. എൻ. പവിത്രൻ, ജി. രാമചന്ദ്രൻ, പിറവന്തൂർ ഗോപാലകൃഷ്ണൻ എന്നിവരെ തെരഞ്ഞെടുത്തു.

ശിവഗിരി മഠത്തിൽ കൂടിയ കേന്ദ്രനിർവ്വാഹകസമിതി യോഗത്തിൽ സ്വാമി ശാശ്വതീകാനന്ദ അദ്ധ്യക്ഷത വഹിച്ചു. രജിസ്ട്രാർ ആർ. സലിംകുമാർ റിപ്പോർട്ട് അവതരിപ്പിച്ചു.

N. B:– പരിഷത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ, 30 രൂപാ ഓഫീസിൽ അടച്ചു പേരു് രജിസ്ട്രർ ചെയ്യേണ്ടതാണ്.

Greetings

**R. N. P. TEXTILES**

ATTINGAL

&

Phone 419

**R. N. P. CINE HOUSE [A/C]**

ATTINGAL, THIRUVANATHAPURAM DIST.

Pin: 695 101 Phone: 249

Telegrams: 'SAJEEVE'

Telephohe: 4214

**SAJEEVA PHARMACY**

P. B. NO. 30 Palace Road, ALWAYE-683 101

KERALA

*Manufactures, Distributors & Exporters of*

**AYURVEDIC MEDICINES**

STATEMENT ABOUT THE NEWSPAPER THE SIVAGIRI

FORM IV

*(See Rule 8)*

| | | |
|---|---|---|
| 1. Place of Publication | : | Sivagiri Mutt, Varkala |
| 2. Periodicity of its Publication | : | Monthly |
| 3. 4, 5 Printer, Publisher & Editor | : | Swami Saswathikananda |
| (Whether citizen of India) | : | Yes |
| (If foreigner, state the country of orgin | : | |
| Address | : | Sivagiri Mutt, Varkala, |
| 6. Name and Address of individual who own the newspaper and partners or share holders holding more than one per cent of the total capital | : | Sree Narayana Dharma Sanghom Trust, Sivagiri Mutt, Varkala, Kerala State. |

1, Swami Saswathikanand, ahereby declare that the particulars given above are true to the best of my knowledge and belief.

Varkala

S/d

Signature of Publisher

24-3-1991

*WITH BEST COMPLIMENTS FROM*

**SRI NARAYANA ENGINEERING INDUSTRIES (P) LIMITED,**

KULAPPULLY, SHORANUR-679 122.

Manufacturers of:—

**"STAG BRAND"**

Agricultural impliments, Hand Tools'

Shovels, Cast Iron Domestic

Hardwares etc....

GRAM: "GURU" PHONE: 2439.

ആശംസകൾ!

# S. N. FILES

ALWAYE

Pin: 683 101

PHONE: Depot: 4168
Off : 4327
Resi : 3126

"Greetings"

# SREE NARAYANA TYRES

SHORANUR

Pin: 679122

PROP: E. U. RAJU
Phone: Office: 536
Resi: 566

Greetings

# Dr. RAM'S NURSING & MATERNITY HOME

Dr. R. KRISHNARAM M. B, B.S.
Dr. MANGALAM K. RAM M. B. B. S, M. D. D G. O.
Dr. RATNAM M. B. B. S. D. L. O.
Dr. SUBRAMONIUM M. B. B. S. M. S.

Phone: 4087. QUILON-13

*With the best Complimentsfrom:-*

# TONSILOIL
## ടോൺസിലോയിൽ

ടോൺസിലൈററസ്, തൊണ്ടവേദന, വിട്ടുമാറാത്ത ജലദോഷം, തുമ്മൽ, പീനസം മുതലായ ഉപദ്രവങ്ങൾക്ക് ഈ എണ്ണ പതിവായി തലയിൽ തേച്ചു കുളിക്കുന്നതുകൊണ്ടു് വളരെ ആശ്വാസം ലഭിക്കുന്നതാണ്.

## ASTHMOIL ആസ്മോയിൽ

ആസ്ത്മ (വലിവ്) കൊണ്ടു കഷ്ടപ്പെടുന്നവർക്കു തലയിൽ തേച്ചുകുളിച്ചാൽത്തന്നെ തൃപ്തികരമായ ആശ്വാസം കിട്ടുന്നതാണ്.

## അർശോഹരലേഹ്യം

അർശസ്,മലബന്ധം, അരുചി, വായുക്ഷോഭം,മുതലായവ തടഞ്ഞു ആരോഗ്യവും ഉന്മേഷവും പ്രദാനം ചെയ്യുന്നു.

കൂടുതൽ വിവരങ്ങൾക്കു നേരിട്ടെഴുതുക:

**മാധവ ഫാർമസ്യൂട്ടിക്കൽ ലാബറട്ടറീസ്,**

മാധവാ ഫാർമസി ജംഗ്ഷൻ—ഫോൺ: 355267

എറണാകുളം.

*With the best Compliments from:-*

# Sowdha Lottery Agency
# and
# Sowdha Travels

(Government of Tamilnadu Authorised)

★

N. SASIDHARAN

199, PURASAWALKOM HIGH ROAD

**MADRAS-7**

664687
661775

ആശംസകരം:—

**ടൗൺ ബേക്കറി**

ചങ്ങനാശ്ശേരി

K S R T. C. ബസ് സ്റ്റാൻറിനു
സമീപം

കേരളം. Pin. 686101

11—ാമത്

# കാശി-ഹിമാലയതീർത്ഥയാത്ര

19. 9. 1991 മുതൽ 15. 10 1991 വരെ

കൽക്കട്ട, കമാർപുക്കൂർ, ജയറാംവാടി, ബുദ്ധഗയ, സാരനാഥ്, കാശി, അലഹബാദ്, അയോദ്ധ്യ, ആഗ്ര, മധുര, വൃന്ദാവൻ, ഗോവർദ്ധനം, ഗോകുലം, ഹരിദ്വാർ, ഋഷികേശ്, വസിഷ്ഠഗുഹ, ദേവപ്രയാഗ്, രുദ്രപ്രയാഗ്, ഗുപ്തകാശി, ഗൗരീകുണ്ഡ്, കേദാർനാഥ്, ജ്യോതിർ മഠം, ബദ്രീനാഥ്, വ്യാസഗുഹ, ഡൽഹി.

1992 സെപ്തംബർ, ഒക്ടോബർ മാസങ്ങളിൽ ഈ തീർത്ഥയാത്രക്കു പുറമേ ചതുർധാമ യാത്രയും നടത്തുന്നതാണ്.

സജ്ജനങ്ങളുടെ സന്മനസ്സുകൊണ്ടു കഴിഞ്ഞ വർഷം ഉത്ഘാടനം ചെയ്തു ഞങ്ങളുടെ പാർവ്വതീപുരത്തെ ശാരദാശ്രമത്തിൻെറ കെട്ടിട നിർമ്മാണത്തിനുവേണ്ടി സംഭാവനകളയച്ചു തന്ന എല്ലാ പുണ്യാത്മാക്കൾക്കും ആ മഹാപ്രഭുവിൻെറ അനുഗ്രഹമുണ്ടാകട്ടെ.

അന്വേഷണങ്ങൾക്ക്

**സ്വാമി അംബികാനന്ദ**

ശ്രീ ശാരദാശ്രമ,

പാർവ്വതീപുരം, വെട്ടൂർണിമഠം, പി. ഒ.

പിൻ—629 003

നാഗർകോവിൽ, കന്യാകുമാരി ഡി:

*With the best Compliments from:-*

# Vee S Vee INDUSTRIES

**MADRAS**

(Specialists in Screws·
Bolts Nuts and all other
Industrial components)

- △ Be Honest when in Poverty
- △ Be Patient when in Anger
- △ Have perseverance when in defeat
- △ Be courageous when in distress
- △ Be simple when in wealth
- △ Be Polite when in Authority.

MR. K. K. KRISHNANKUTTY
(PROPRIETOR)

---

# O. K. PRODUCTS

**MADRAS**

Specialists precision Turned
Components Centreless Grinding and
Thread Rolling Jobs

**MRS. OMANA KRISHNAN KUTTY**

# ശിവഗിരി ശ്രീനാരായണ മെഡിക്കൽമിഷൻ ആശുപത്രി

**വർക്കല** ഫോൺ: 2228

മാന്യമിത്രമെ,

താഴെ പറയുന്ന മെഡിക്കൽ ആഫീസർമാർ ഈ ആശുപത്രിയിലെ വിവിധ വകുപ്പുകളിൽ സേവനമനുഷ്ഠിച്ചു വരുന്നു.

ഡോ: സുജാതമോഹൻ M. B. B. S, M. D, D. G. O
ഡോ: എസ്. സുഷമ M. B. B. S, D. G. O
[ഗൈനക്കോളജിസ്റ്റ്]
ഡോ: സുരേഷ്ബാബു M. D [കൺസൽററൻറ് ഫിസിഷ്യൻ]
ഡോ: ആർ. ഹരികുമാർ M. B. B. S, D. C. H, M. D
[കൺസൽററൻറ് പീഡിയാട്രീഷ്യൻ]
ഡോ: എൻ രാജഗോപാൽ M. B. B. S, M. D
[സ്കിൻ സ്പെഷ്യലിസ്റ്റ്]
ഡോ: സുരേഷ്കുമാർ M. B. B. S, D. L. O
[ഇ. എൻ. ററി. സർജൻ]
ഡോ: മോളി ജോസഫ്ജോയി M S, D. L. C, Mch
ഡോ: വി. ഇട്ടിയച്ചൻ M. B B S, D. O
[ഓഫ്തൽമോളജിസ്റ്റ്]
ഡോ: പി ഈപ്പൻ B D. S [ദന്തൽ സർജൻ]
ഡോ: പ്രതാപ്കുമാർ M. B B S, D Ortho [ഓർത്തോ സർജൻ[
ഡോ: ബാലചന്ദ്രൻ M. B. B S, M D [അനസ്തീഷ്യോളജിസ്റ്റ്]
ഡോ: പി. രഘുനാഥൻ M. B B S
[റെസിഡൻറ് മെഡിക്കലാഫീസർ]
ഡോ: സാരസ്വതൻ M. B. B S
[അസിസ്റ്റൻറ് റെസിഡൻറ് മെഡിക്കലാഫീസർ]
ഡോ: സുദർശി M B. B. S, M S [കൺസൽററൻറ് സർജൻ[
ഡോ: എൻ സുപ്രഭ D. H. M S[ഹോമിയോ മെഡിക്കലാഫീസർ]
ഡോ: ഡി. പ്രസാദ് D. A M

**കൂടാതെ പതിമൂന്ന് അസിസ്ററൻറ് മെഡിക്കലാഫീസർമാരും ഈ ആശുപത്രിയിൽ സേവനമനുഷ്ഠിച്ചുവരുന്നു.**

ബി. സി. ബാബു, M. A M B A, L. L B
സെക്രട്ടറി & പ്രോജക്ററ് ഡയറക്ററർ

Vol. XIV No. 3, 4 Dec. Jan. 1990-91
SIVAGIRI
Regd: KL/TV (N) 345 R. No. 361 94/84


നിങ്ങൾ ഇഷ്ടപ്പെടുന്ന
ചന്ദ്രിക പുതിയ
പാക്കററിലും പുതിയ
സൈസിലും

45 കൊല്ലങ്ങളായി നിങ്ങൾ ഉപയോഗിച്ചുകൊണ്ടി
രിക്കുന്ന അതേ ചന്ദ്രിക ആയുർവ്വേദ സോപ്പു
തന്നെ ഇപ്പോൾ 20-ൽ പരം വിദേശ രാജ്യ
ങ്ങളിലേയ്ക്ക് കയററി അയയ്ക്കുന്നു.

ചന്ദ്രിക ആയുർവ്വേദിക് സോപ്പ്

Edited, Printed and Published by Swami Saswathikananda,
on behalf of Sree Narayana Dharma Sanghom Trust.
Sivagiri Mutt, Varkala. Thiruvananthapuram-Kerala 695141.

# ശിവഗിരി



Indic Digital Archive Foundation
gpura.org